
04
2021
നവംബർ
വ്യാഴം
1197
തുലാം 19

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 180 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-179 പേജ് 4. വില 2.00 രൂപ




02 കേരളം കോവിഡ് വാക്സിനേഷനിൽ ലക്ഷ്യത്തിനരികെയെന്ന് മന്ത്രി
03 കെഎസ്ആർടിസി ബസ് വഴി കാലിത്തീറ്റ ക്ഷീരകർഷകർക്ക് എത്തിക്കും
04 ഇന്ത്യക്ക് ആദ്യ ജയം അഫ്ഗാനെ 66 റൺസിന് കീഴടക്കി

# മത്സ്യമേഖലയിലെ ചൂഷണം: ബില്ലിന് അംഗീകാരം



തിരുവനന്തപുരം: മത്സ്യലേലത്തിലെ ഇടനിലക്കാരുടെ ചൂഷണം തടയുക ലക്ഷ്യമിട്ട് സർക്കാർ ഇറക്കിയ ഓർഡിനൻസിന് പകരം ബിൽ നിയമസഭ പാസാക്കി. മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യം കരയ്ക്കെത്തിക്കൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ എത്തിക്കുന്ന മീനിന് ലേല കമ്മിഷൻ അഞ്ചു ശതമാനമായി നിജപ്പെടുത്തുന്നതാണ് ബില്ലിന്റെ പ്രധാന സവിശേഷത. ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ അതാതുകാലം മീനിന് അടിസ്ഥാന വില നിശ്ചയിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾക്ക് നേരിട്ട് മീൻ വിൽക്കാനും നിയമ ഭേദഗതി അധികാരം നൽകുന്നു. ഇത് ഉൾപ്പെടെ മത്സ്യമേഖലയുമായി ബന്ധപ്പെട്ട നാല് ബില്ലുകൾ നിയമസഭ അംഗീകരിച്ചു. ചർച്ചകൾക്ക് ഫിഷറീസ് മന്ത്രി സജി ചെറിയാൻ മറുപടി നൽകി.

2021 ലെ കേരള മത്സ്യ ലേലവും വിപണനവും ഗുണനിലവാര പരിപാലനവും, 2021 ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവകലാശാല (ഭേദഗതി), 2021 ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി), 2021 ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബില്ലുകളാണ് സഭ അംഗീകരിച്ചത്. 2021 ലെ കേരള മത്സ്യ ലേലവും വിപണനവും പരിപാലനവും ഗുണനിലവാര പരിപാലനവും ബില്ലിൽ പിടിച്ചെടുക്കുന്ന മത്സ്യത്തിന് മത്സ്യത്തൊഴിലാളിക്ക് ന്യായമായ വില ഉറപ്പാക്കുന്നു. മത്സ്യ ലേല, വിപണന മേഖലയിലെ ചൂഷണം തടയുകയും ഗുണമേന്മയുള്ളതും ശുദ്ധവുമായ മീൻ ഉപഭോക്താക്കൾക്ക് ഉറപ്പാക്കുകയും ചെയ്യുന്ന വ്യവസ്ഥകൾ ഉൾപ്പെടുന്നു. ഫിഷ് ലാൻഡിങ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവയുടെ നടത്തിപ്പിനും പരിപാലനത്തിനും മാനേജ്മെന്റ് സംവിധാനത്തിന് നിയമ സാധുതയാകും. മത്സ്യബന്ധന തുറമുഖത്തും മത്സ്യം കരയ്ക്കെത്തിക്കൽ കേന്ദ്രത്തിലും ലഭിക്കുന്ന ലേല കമ്മിഷന്റെ നാല്പത് ശതമാനം തൊഴിലാളികൾക്ക് ഉല്പാദന ബോണസായി വർഷാവർഷം ലഭിക്കും. 20 ശതമാനമാകും ലേലക്കാരന്റെ പ്രതിഫലം. ഹാർബർ മാനേജ്മെന്റ് അല്ലെങ്കിൽ മത്സ്യം കരയ്ക്കെത്തിക്കൽ കേന്ദ്രം മാനേജ്മെന്റ് സൊസൈറ്റികൾക്ക് 20 ശതമാനവും, ലേലത്തിൽ പങ്കാളിയാകുന്ന സൊസൈറ്റിക്ക് 20 ശതമാനവും വിഹിതം ഉറപ്പാക്കുന്നു. മത്സ്യ മാർക്കറ്റുകളിലെ കമ്മിഷന്റെ 20 ശതമാനം ലേലക്കാരന് ലഭിക്കും. ഫിഷ് മാർക്കറ്റിങ് സൊസൈറ്റിക്ക് 20 ശതമാനവും, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് 30 ശതമാനവും, തദ്ദേശ സ്വയംഭരണ സ്ഥാപനം അല്ലെങ്കിൽ മാർക്കറ്റ് ഉടമയ്ക്ക് 30 ശതമാനവും വിഹിതമുണ്ടാകും.

സംസ്ഥാനത്തെ ഉൾനാടൻ മത്സ്യമേഖലയുടെ വികസനം, സംരക്ഷണം, പരിപാലനം എന്നിവ ശാസ്ത്രീയമായി ഉറപ്പാക്കുന്നതിനും ജലകൃഷി വികസനം ഉത്തരവാദിത്തപരമായി നടപ്പാക്കുന്നതിനും പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളും ജില്ലാതലത്തിൽ അക്വാകൾച്ചർ ഡെവലപ്പ്മെന്റ് ഏജൻസി രൂപീകരണവും വ്യവസ്ഥ ചെയ്യുന്നതാണ് കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ. നാശോന്മുഖമായ ഉൾനാടൻ മത്സ്യങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്താനും പിടിച്ചെടുക്കുന്ന മത്സ്യത്തിന് ന്യായവില ഉറപ്പുവരുത്താനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു.

ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചർ റിസർച്ചിന്റെ ആക്ടിനും യുജിസി മാനദണ്ഡങ്ങൾക്കും അനുസൃതമായി കേരള ഫിഷറീസ് സർവകലാശാല ആക്ടിൽ മാറ്റങ്ങൾ വ്യവസ്ഥ ചെയ്യുന്നതാണ് 2021 ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവകലാശാല (ഭേദഗതി) ബിൽ. നിലവിലുള്ള കോഴ്സുകളുടെ അംഗീകാരം നിലനിർത്താനുള്ള വ്യവസ്ഥകളും ഇതിലുണ്ട്.

മത്സ്യബന്ധന നിയന്ത്രണ നിയമം ലംഘിക്കുന്ന യാനങ്ങൾക്ക് ഈടാക്കുന്ന പിഴ നിരക്ക് കുറയ്ക്കുകയാണ് കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബില്ലിലെ പ്രധാന വ്യവസ്ഥ. പിഴ നിരക്ക് കൂടുതലാണെന്നും അത് കുറയ്ക്കണമെന്നും മത്സ്യത്തൊഴിലാളി സംഘടനകളുടെ ആവശ്യം സർക്കാർ നേരത്തെ അംഗീകരിച്ച് നടപ്പാക്കിയിരുന്നു. ഇതിന് നിയമസാധുത നൽകുന്നതാണ് ബിൽ.

## ഒടുവിൽ ലോകാരോഗ്യ സംഘടന അംഗീകരിച്ചു; കോവാക്സിന് എടുത്തവർക്ക് ആശ്വാസം

ജനീവ: ഇന്ത്യ തദ്ദേശീയമായി നിർമിച്ച കോവിഡ് വാക്സിനായ കോവാക്സിന് ലോകാരോഗ്യ സംഘടന അംഗീകാരം നൽകി. കോവാക്സിനെ അടിയന്തര ഉപയോഗത്തിനുള്ള വാക്സിനുകളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ ലോകാരോഗ്യ സംഘടനയുടെ സ്വതന്ത്ര ഉപദേശക സമിതിയായ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് ശിപാർശ ചെയ്തു. ഇതോടെ കോവാക്സിൻ എടുത്തവരുടെ വിദേശയാത്രകൾക്ക് ഉൾപ്പെടെ നേരിട്ടിരുന്ന പ്രശ്നത്തിന് പരിഹാരമാകും.

ഏപ്രിൽ 19നാണ് അനുമതിക്കായി ഭാരത് ബയോടെക്ക് ലോകാരോഗ്യ സംഘടനയ്ക്ക് അപേക്ഷ സമർപ്പിച്ചത്. വാ




ക്സിൻ പരീക്ഷണഫലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നൽകാൻ ലോകാരോഗ്യ സംഘടന ആവശ്യപ്പെട്ടതനുസരിച്ച് കമ്പനി കൂടുതൽ രേഖകൾ ഹാജരാക്കിയിരുന്നു. ഇന്ന് സംഘടനയുടെ ഉപദേശക സമിതി യോഗം എമർജൻസി യൂസേജ് ലിസ്റ്റിംഗ് അംഗീകാരം നൽകുകയായിരുന്നു.

കോവാക്സിൻ വികസിപ്പിച്ചത് ഹൈദരാബാദ് ആസ്ഥാനമായ ഭാരത് ബയോടെക്കാണ്. ഇന്ത്യയിൽ ഉപയോഗാനുമതി ലഭിച്ചെങ്കിലും അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും അംഗീകാരമില്ല. അടിയന്തര ഉപയോഗ വാക്സിനുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയതോടെ കോവാക്സിൻ സ്വീകരിച്ച ആളുകൾക്ക് മറ്റ് രാജ്യങ്ങളിൽ പ്രവേശിക്കാൻ അംഗീകാരം ലഭിക്കുന്നതിന് സഹായകമാകും.

ഇന്ത്യയുടെ ആദ്യ തദ്ദേശീയ കോവിഡ് വാക്സിനായ കോവാക്സിന് 2021 ജനുവരിയിലാണ് അടിയന്തര ഉപയോഗത്തിന് കേന്ദ്ര സർക്കാർ അനുമതി നൽകിയത്. ലോകാരോഗ്യ സംഘടനയുടെ അംഗീകാരം ഒക്ടോബർ അവസാനത്തോടെ പ്രതീക്ഷിച്ചിരുന്നുവെങ്കിലും ലോകാരോഗ്യസംഘടനയുടെ തീരുമാനം വൈകുകയായിരുന്നു.

ഓസ്ട്രേലിയ, ഒമാൻ തുടങ്ങിയ രാജ്യങ്ങൾ കോവാക്സിൻ അംഗീകരിച്ചിരുന്നു. പിന്നാലെ തെക്കേ അമേരിക്കൻ രാജ്യമായ ഗയാന കഴിഞ്ഞ ദിവസം കോവാക്സിന് അംഗീകാരം നൽകിയിരുന്നു. മൗറീഷ്യസ്, ഫിലിപ്പിയൻസ്, നേപ്പാൾ, മെക്സികോ, ഇറാൻ, ശ്രീലങ്ക, ഗ്രീസ്, എസ്റ്റോണിയ, സിംബാവെ തുടങ്ങിയ രാജ്യങ്ങളും കോവാക്സിന് അംഗീകാരം നൽകിയിട്ടുണ്ട്.

## എക്സൈസ് ഡ്യൂട്ടി കുറച്ചു; പെട്രോളിന് അഞ്ചും ഡീസലിന് 10 രൂപയും കുറയും

ന്യൂഡൽഹി: രാജ്യത്ത് ഇന്ധനവില കുറയും. പെട്രോളിൻറെയും ഡീസലിൻറെയും എക്സൈസ് ഡ്യൂട്ടിയിൽ കേന്ദ്ര സർക്കാർ ഇളവ് പ്രഖ്യാപിച്ചു. ഇതോടെ പെട്രോളിന് അഞ്ച് രൂപയും ഡീസലിന് 10 രൂപയും കുറയും.

രാജ്യവ്യാപക പ്രതിഷേധങ്ങൾക്കൊടുവിലാണ് കേന്ദ്ര സർക്കാരിൻറെ തീരുമാനം. പുതിയ വില ഇന്ന് അർധരാത്രി മുതൽ നിലവിൽ വരും. വാറ്റ് നികുതി കുറയ്ക്കാൻ സംസ്ഥാനങ്ങളോടും കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ധനവിലയിൽ ഈ വർഷത്തെ റിക്കാർഡ് വർധനവിനു ശേഷമാണ് ഇപ്പോൾ വില കുറയുന്നത്. കഴിഞ്ഞവർഷം ഒരു ലിറ്റർ പെട്രോളിൻറെ എക്സൈസ് ഡ്യൂട്ടി 19.98 രൂപയിൽ നിന്ന് 32.9 രൂപയാക്കി വർധിപ്പിച്ചിരുന്നു.

### കേരളം ഇന്ധനനികുതി കുറയ്ക്കാൻ ആലോചിച്ചിട്ടില്ലെന്ന് ധനമന്ത്രി

തിരുവനന്തപുരം: കേന്ദ്രസർക്കാർ ഇന്ധനത്തിന് എക്സൈസ് ഡ്യൂട്ടി കുറച്ചതിനു പിന്നാലെ പ്രതികരണവുമായി ധനമന്ത്രി കെ.എൻ. ബാലഗോപാൽ. കേന്ദ്രം നികുതി കുറച്ചത് പോരെന്ന് ധനമന്ത്രി പറഞ്ഞു.

കേന്ദ്രം പ്രത്യേക നികുതിയും സെസും കുറയ്ക്കണം. ലിറ്ററിന് മുപ്പതിലധികം രൂപ കുറയ്ക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അതേസമയം സംസ്ഥാനം ഇന്ധനനികുതി കുറയ്ക്കാൻ ആലോചിച്ചിട്ടില്ലെന്നും ധനമന്ത്രി കൂട്ടിച്ചേർത്തു.

പെട്രോളിൻറെയും ഡീസലിൻറെയും എക്സൈസ് ഡ്യൂട്ടിയിലാണ് കേന്ദ്ര സർക്കാർ ഇന്ന് ഇളവ് പ്രഖ്യാപിച്ചത്. ഇതോടെ പെട്രോളിന് അഞ്ച് രൂപയും ഡീസലിന് 10 രൂപയും കുറയും. രാജ്യവ്യാപക പ്രതിഷേധങ്ങൾക്കൊടുവിലാണ് കേന്ദ്ര സർക്കാരിൻറെ തീരുമാനം. പുതിയ വില ഇന്ന് അർധരാത്രി മുതൽ നിലവിൽ വരും. വാറ്റ് നികുതി കുറയ്ക്കാൻ സംസ്ഥാനങ്ങളോടും കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ട്.

## കെഎസ്ആർടിസി ജീവനക്കാർ വ്യാഴാഴ്ച അർധരാത്രി മുതൽ പണിമുടക്കിലേക്ക്

തിരുവനന്തപുരം: ശമ്പള പരിഷ്കരണം ആവശ്യപ്പെട്ട് കെഎസ്ആർടിസി ജീവനക്കാർ വ്യാഴാഴ്ച അർധരാത്രി മുതൽ പണിമുടക്കും. പ്രതിപക്ഷ ട്രേഡ് യൂണിയനായ ടിഡിഎഫ് (ഐഎൻടിയുസി) 48 മണിക്കൂറും കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ (എഐടിയുസി), കെഎസ്ടി എംപ്ലോയീസ് സംഘ് (ബിഎംഎസ്), കെഎസ്ആർടി എംപ്ലോയീസ് അസോസിയേഷൻ (സിഐടിയു) എന്നീ സംഘടനകൾ 24 മണിക്കൂറുമാണ് പണിമുടക്കുന്നത്.

ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് മന്ത്രിതല ചർച്ചയിൽ തീരുമാനമാകാത്തതിനെ തുടർന്നാണ് പണിമുടക്കുമായി മുന്നോട്ടു പോകുന്നതിനു ജീവനക്കാരുടെ സംഘടനകൾ തീരുമാനിച്ചത്. തങ്ങളുടെ ആവശ്യങ്ങളിൽ വ്യക്തമായ മറുപടി പറയുന്നതിനു സർക്കാരിനു കഴിഞ്ഞില്ലെന്നു ജീവനക്കാർ ആരോപിക്കുന്നു.

മാസ്റ്റർ സ്കെയിൽ, പ്രാബല്യ തീയതി എന്നീ വിഷയങ്ങളിൽ ചർച്ചയിൽ വ്യക്തമായ ഒരു ഉറപ്പും നൽകിയില്ല. ശമ്പള പരിഷ്ക്കരണം എത്രയും വേഗം നടപ്പാക്കുക, പാർക്ക് ബസുകൾ നിരത്തിലിറക്കി യാത്രാക്ലേശം പരിഹരിക്കുക എന്നതുൾപ്പെടെ വിവിധ ആവശ്യങ്ങൾ ചർച്ചയിൽ സംഘടനകൾ മുന്നോട്ടുവച്ചു. എന്നാൽ അന്തിമ തീരുമാനമെടുക്കുന്നതിനു സർക്കാർ സാവകാശം ചോദിച്ചു.

അതേസമയം അടുത്ത ശമ്പള വിതരണത്തിനു മുൻപായി ശമ്പള പരിഷ്കരണ നടപടികൾ പൂർത്താക്കാൻ സാധിക്കുമെന്നും സംഘടനകൾ എടുത്തുചാടി സമരത്തിനിറങ്ങരുതെന്നും ഗതാഗത മന്ത്രി ആൻറണി രാജു സംഘടനാ പ്രതിനിധികളോട് അഭ്യർഥിച്ചു. എന്നാൽ സമരത്തിൽ നിന്നും പിന്നോട്ടില്ലെന്ന നിലപാടിലാണ് സംഘടനകൾ.

### വാക്സിനേഷൻ രണ്ടു തരം പൗരന്മാരെ സൃഷ്ടിച്ചെന്ന് ഹൈക്കോടതി

കൊച്ചി: കേന്ദ്ര സർക്കാരിന്റെ വാക്സിനേഷൻ പദ്ധതി രാജ്യത്ത് രണ്ടു തരം പൗരന്മാരെ സൃഷ്ടിച്ചെന്ന് ഹൈക്കോടതി. സഞ്ചാര സ്വാതന്ത്ര്യം പരിമിതപ്പെടുത്തപ്പെട്ട കോവാക്സിൻ സ്വീകരിച്ചവരും എവിടെ വേണമെങ്കിലും പോവാനാവുന്ന കോവിഷീൽഡ് സ്വീകരിച്ചവരും എന്ന തരത്തിൽ പൗരന്മാർ വിഭജിക്കപ്പെട്ടെന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടു.

വിദേശത്തു ജോലിക്കു പോവുന്നതിന് മൂന്നാം ഡോസ് ആയി കോവിഷീൽഡ് വാക്സിൻ സ്വീകരിക്കുന്നതിന് അനുമതി തേടി സമർപ്പിച്ച ഹർജി പരിഗണിച്ചുകൊണ്ടാണ്, ജസ്റ്റിസ് പിവി കുഞ്ഞികൃഷ്ണന്റെ നിരീക്ഷണം. രണ്ടു ഡോസ് കോവാക്സിൻ സ്വീകരിച്ച തനിക്ക് സൗദി അറേബ്യയിൽ ജോലിക്കു പോവാനാവുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ഹർജി. സൗദിയിൽ വെൽഡർ ആയി ജോലി ചെയ്യുന്നയാളാണ് ഹർജിക്കാരൻ. രാജ്യാന്തരതലത്തിൽ അംഗീകരിക്കപ്പെട്ട വാക്സിൻ എടുത്തില്ലെങ്കിൽ ജോലി പോവുമെന്ന അവസ്ഥയാണെന്ന് ഹർജിക്കാരൻ പറഞ്ഞു.

## ഒരു ഡോസ് കോവിഡ് വാക്സിൻ എടുത്തവർക്കും സിനിമാ തിയേറ്ററിൽ പ്രവേശിക്കാം

ഒരു ഡോസ് കോവിഡ് വാക്സിൻ എടുത്തവരെ സിനിമാ തിയേറ്ററിൽ പ്രവേശിപ്പിക്കാമെന്ന് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന കോവിഡ് അവലോകന യോഗം തീരുമാനിച്ചു. തിയേറ്ററുകളിൽ ശാരീരിക അകലം പാലിക്കൽ, മാസ്ക് ധരിക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കാൻ ആരോഗ്യവകുപ്പിനോട് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

സ്കൂൾ തുറന്നത് നല്ല പ്രതികരണമുണ്ടാക്കി. ഇക്കാര്യത്തിൽ നേരത്തെയുണ്ടായ ആശങ്ക ഇപ്പോഴില്ല. ആദ്യ ദിവസം 80 ശതമാനം കുട്ടികളാണ് സംസ്ഥാനതലത്തിൽ ഹാജരായത്. ആരോഗ്യപ്രശ്നങ്ങളുള്ള കുട്ടികളെ ഡോക്ടർമാർ സ്കൂളിൽ സന്ദർശിച്ച് അതതു ഘട്ടങ്ങളിൽ പരിശോധിക്കണം. അത് കോവിഡ് ഭീതി അകറ്റും. ഏറെക്കാലത്തിനു ശേഷം സ്കൂളിൽ വരുന്ന കുട്ടികളുടെ മാനസികാവസ്ഥ മെച്ചപ്പെടുത്താൻ അധ്യാപകർ ശ്രദ്ധിക്കണം.

അതതു സ്ഥലത്തെ സാഹചര്യം നോക്കി മാത്രം സെക്ടറൽ മജിസ്ട്രേറ്റുമാരെ നിലനിർത്തിയാൽ മതി.

കല്യാണം, മരണാനന്തര



ചടങ്ങുകൾ, മറ്റു സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക, സാമുദായിക പൊതുപരിപാടികൾക്ക് അടച്ചിട്ട മുറികളിൽ നൂറു പേരെയും അല്ലാത്തിടത്ത് 200 പേരെയും പങ്കെടുപ്പിക്കാം.

ടെക്നിക്കൽ ഹൈസ്കൂളുകളിലെ 8, 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ജനറൽ വർക് ഷോപ്പിനുള്ള പ്രായോഗിക പരിശീലനത്തിനും എഞ്ചിനീയറിംഗ് ഡ്രോയിംഗിൽ പ്രാക്ടിക്കൽ ക്ലാസ്സ് നൽകുന്നതിനും സ്കൂളുകളിൽ പ്രവേശിപ്പിക്കും. 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് എൻ.എസ്.ക്യൂ.എഫ്. സ്കൂൾതല പ്രായോഗിക പരിശീലനം നൽകുന്നതിനും പ്രാഥമിക പരിശീലന ക്ലാസ്സുകൾ നടത്തുന്നതിനും അനുവാദം നൽകും. ആവശ്യമുള്ളിടത്ത് പ്രാക്ടിക്കൽ ക്ലാസ്സുകൾ ആരംഭിക്കാവുന്നതാണ്.

കോവിഡേതര വൈറസുകളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അനാവശ്യ ഭീതി ഉണ്ടാക്കുന്ന അതിശയോക്തി കലർന്ന റിപ്പോർട്ടുകൾ രക്ഷിതാക്കൾ കണക്കിലെടുക്കരുത്. മഴക്കെടുതിയുമായി ബന്ധപ്പെട്ട് മണ്ണൊലിപ്പ് ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിലെ ജനങ്ങളെ മാറ്റിപ്പാർപ്പിക്കാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു. മഴക്കെടുതിയുമായി ബന്ധപ്പെട്ട ധനസഹായ വിതരണം ഓൺലൈനായി ശനിയാഴ്ചയോടെ നിലവിൽ വരും.

ആരോഗ്യമേഖലയിൽ ആവശ്യത്തിനുള്ള ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ കണ്ടെത്തുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

യോഗത്തിൽ മന്ത്രിമാരായ കെ. രാജൻ, വീണാ ജോർജ്ജ്, ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ്, സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത്, വകുപ്പ് സെക്രട്ടറിമാർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

## സിനിമാ ടിക്കറ്റിൻമേലുള്ള വിനോദ നികുതി ഒഴിവാക്കി

തിരുവനന്തപുരം: സിനിമ മേഖലയ്ക്ക് കൂടുതൽ ഇളവുകൾ നൽകി സർക്കാർ. ഡിസംബർ 31 വരെ സിനിമാ ടിക്കറ്റിൻമേലുള്ള വിനോദ നികുതി സർക്കാർ ഒഴിവാക്കി. സിനിമാ മേഖല നേരിടുന്ന പ്രശ്നങ്ങളിൽ അനുഭാവപൂർണമായി നടപടികൾ സ്വീകരിക്കുന്നതിൻറെ ഭാഗമായാണ് തീരുമാനം.

2021 ഏപ്രിൽ ഒന്ന് മുതൽ ഡിസംബർ 31 വരെയുള്ള നികുതിയിലും തീയറ്ററുകൾ അടഞ്ഞു കിടന്ന കാലത്തെ വൈദ്യുതി ഫിക്സഡ് ചാർജിലും ഇളവുകൾ നൽകാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിതല യോഗത്തിലാണ് തീരുമാനം. ഡിസംബർ 31 വരെയുള്ള ഫിക്സഡ് ചാർജിൽ 50 ശതമാനം ഇളവ് നൽകും. ബാക്കി തുക ആറ് തവണകളായി അടക്കുവാനും അവസരം നൽകും. കോവിഡ് കാരണം തീയറ്ററുകൾ അടഞ്ഞുകിടന്ന കാലയളവിലെ കെട്ടിടനികുതി പൂർണമായും ഒഴിവാക്കും. ഇതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷ നൽകണം. ഒരു ഡോസ് വാക്സിനേഷൻ എടുത്തവരെയും തീയറ്ററുകളിൽ പ്രവേശിപ്പിക്കുവാൻ തീരുമാനമായിട്ടുണ്ട്. എന്നാൽ 50 ശതമാനം സീറ്റിംഗ് കപ്പാസിറ്റി എന്ന നിബന്ധന ആദ്യഘട്ടത്തിൽ തുടരും. ഇക്കാര്യത്തിൽ ഇളവുകൾ അനുവദിക്കുന്ന കാര്യം അടുത്തഘട്ടത്തിൽ ആലോചിച്ചു തീരുമാനം കൈക്കൊള്ളാനും യോഗം തീരുമാനിച്ചു. ധനകാര്യസ്ഥാപനങ്ങളിൽ തീയറ്റർ ഉടമകൾക്കും സിനിമാ സംരഭകർക്കുമുള്ള ലോൺ കടബാധ്യതകൾ തിരിച്ചടക്കുവാൻ മൊറട്ടോറിയം വേണമെന്ന ആവശ്യം ചർച്ച ചെയ്യാൻ സംസ്ഥാനതല ബാങ്കിംഗ് സമിതി യോഗം വിളിച്ചു ചേർക്കും. സിനിമാ ഷൂട്ടിങ്ങുകൾക്ക് നിലവിലെ പൊതുമാനദണ്ഡങ്ങൾ പാലിക്കണം. സിനിമാ തീയറ്ററുകൾ തുറക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി തീയറ്ററുകൾക്ക് പ്രത്യേക ധനസഹായ പാക്കേജ് നൽകുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കാൻ ധനകാര്യവകുപ്പിനോട് യോഗം ആവശ്യപ്പെട്ടു. സാധാരണ തീയറ്ററുകളിൽ സ്ക്രീൻ വിഭജിക്കുമ്പോൾ അധിക വൈദ്യുതി താരിഫ് വരുന്നു എന്ന വിഷയം പഠിച്ചു തീരുമാനം അറിയിക്കാൻ വൈദ്യുതി വകുപ്പിനെ യോഗം ചുമതലപ്പെടുത്തി.



ഹജ്ജ് കമ്മിറ്റി ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട മുഹമ്മദ് ഫൈസി മന്ത്രി വി. അബ്ദുറഹിമാനോടൊപ്പം

# കേരളം കോവിഡ് വാക്സിനേഷനിൽ ലക്ഷ്യത്തിനരികെയെന്ന് ആരോഗ്യ മന്ത്രി

സംസ്ഥാനത്ത് കോവിഡ് 19 വാക്സിനേഷൻ ലക്ഷ്യത്തിലേക്ക് അടുക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വാക്സിനേടുക്കേണ്ട ജനസംഖ്യയുടെ 95 ശതമാനം പേർക്ക് (2,53,60,542) ആദ്യ ഡോസ് വാക്സിനും 52.38 ശതമാനം പേർക്ക് (1,39,89,347) രണ്ടാം ഡോസ് വാക്സിനും നൽകി. ഒന്നും രണ്ടും ഡോസ് ചേർത്ത് ആകെ 3,93,49,889 ഡോസ് വാക്സിനാണ് ഇതുവരെ നൽകിയത്. ദേശീയ തലത്തിൽ ഒന്നാം ഡോസ് വാക്സിനേഷൻ 78.56 ശതമാനവും രണ്ടാം ഡോസ് വാക്സിനേഷൻ 35.80 ശതമാനവുമാകുമ്പോഴാണ് കേരളം ഈ നേട്ടം കൈവരിക്കുന്നത്. കോവിഡ് ബാധിച്ചവർക്ക് 3 മാസം കഴിഞ്ഞ് മാത്രം വാക്സിനെടുത്താൽ മതി. അതിനാൽ തന്നെ വളരെ കുറച്ച് പേർ മാത്രമാണ് ഇനി ആദ്യ ഡോസ് വാക്സിനെടുക്കാനുള്ളത്. ഇനിയും വാക്സിനെടുക്കാനുള്ളവർ ഉടൻ അവസരം വിനിയോഗിക്കണമെന്നും മന്ത്രി വ്യക്തമാക്കി

പത്തനംതിട്ട, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ 100 ശതമാനത്തോളം പേരും ആദ്യ ഡോസ് വാക്സിൻ സ്വീകരിച്ചിട്ടുണ്ട്. സ്ത്രീകളാണ് പുരുഷൻമാരെക്കാൾ കൂടുതൽ വാക്സിനെടുത്തത്. സ്ത്രീകളിൽ 2,03,95,143 ഡോസ് വാക്സിനും പുരുഷൻമാരിൽ 1,89,45,125 ഡോസ് വാക്സിനുമാണെടുത്തത്. ആരോഗ്യ പ്രവർത്തരും കോവിഡ് മുന്നണി പോരാളികളും 100 ശതമാനം ആദ്യ ഡോസ് വാക്സിനും യഥാക്രമം 90, 92 ശതമാനം രണ്ടാം ഡോസ് വാക്സിനുമെടുത്തിട്ടുണ്ട്.

രണ്ടാം ഡോസ് വാക്സിൻ എടുക്കാനുള്ളവർ ഒട്ടും കാലതാമസം വരുത്തരുത്. കോവിഷീൽഡ് വാക്സിൻ 84 ദിവസം കഴിഞ്ഞും കോവാക്സിൻ 28 ദിവസം കഴിഞ്ഞും ഉടൻ തന്നെ രണ്ടാം ഡോസ് സ്വീകരിക്കേണ്ടതാണ്. രണ്ട് ഡോസ് വാക്സിനും സ്വീകരിച്ചാൽ മാത്രമേ പൂർണമായ ഫലം ലഭിക്കൂ.

# നിഷിലെ ഡിഐഎസ്എൽഐ കോഴ്സിലേക്ക് അപേക്ഷിക്കാം

തിരുവനന്തപുരം: നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങിൻറെ (നിഷ്) ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് ഇൻറർപ്രെട്ടേഷൻ (ഡിഐഎസ്എൽഐ) കോഴ്സിലേക്ക് അപേക്ഷിക്കാം. സംസാരഭാഷയെ ആംഗ്യ ഭാഷയിലേക്കും തിരിച്ചും കൈകാര്യം ചെയ്യാൻ നൈപുണ്യമുള്ള പ്രൊഫഷണൽ ആംഗ്യഭാഷാ വിവർത്തകരെ വാർത്തെടുക്കുകയാണ് റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ (ആർസിഐ) ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കോഴ്സിൻറെ ലക്ഷ്യം. കാലാവധി രണ്ടുവർഷം. 30 സീറ്റുകൾ ഉണ്ട്. പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്ക് നിയമാനുസൃത ഇളവുകൾ ലഭിക്കും.

50 ശതമാനം മാർക്കോടെ അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള പ്ലസ്ടു ആണ് അടിസ്ഥാന യോഗ്യത. ഇംഗ്ലീഷിലോ, പ്രാദേശിക ഭാഷയിലോ ഉള്ള അറിവ് അഭിലഷണീയം. ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണ നിയമപ്രകാരം ദൃശ്യമാധ്യമങ്ങളിലെ വിവിധ പരിപാടികളിലും സർക്കാർസ്വകാര്യ ഓഫീസുകളിലും വിദ്യാഭ്യാസ മേഖലയിലും ആംഗ്യഭാഷാ വിവർത്തകരുടെ സേവനം അനിവാര്യമാണ്. 11 വരെ h-ttp-s://r-c-i-approv-a-l.or-g/r-c-i-_-a-dm-i-ssion/ എന്ന വെബ്സൈറ്റ് പേജിലൂടെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ www.n-i-sh.a-c.in വെബ്സൈറ്റിൽ ലഭിക്കും.

# ലൈഫ് ഭവന പദ്ധതി ഇപ്പോഴും സജീവമായി തുടരുന്നു

ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ലൈഫ് മിഷനിൽ 2,62,409 വീടുകളാണ് പൂർത്തീകരിച്ച് ഗുണഭോക്താക്കൾ താമസം തുടങ്ങിയത്. ഇപ്പോഴത് 2,76,009 വീടുകളായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദ്യത്തെ 100 ദിന പരിപാടികളുടെ ഭാഗമായി 12000 വീടുകളാണ് പൂർത്തീകരിച്ച് താമസം തുടങ്ങിയത്. അതിനുശേഷം നാളിതുവരെ പൂർത്തീകരിച്ചതുൾപ്പെടെ ഈ സർക്കാർ വന്ന ശേഷം 13600 വീടുകൾ നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി ഇപ്പോഴും സജീവമായി തുടരുന്നുണ്ട് എന്നതിന്റെ തെളിവാണ് ഈ കണക്കുകൾ. ഈ സംഖ്യകൾ വെറുതെ പറയുന്നതല്ല. ലൈഫ് പദ്ധതിയിൽ വീട് പൂർത്തീകരിച്ച് താമസം തുടങ്ങിയ ഗുണഭോക്താക്കളുടെ പൂർണമായ ലിസ്റ്റ് ലൈഫ് മിഷന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.

ലൈഫ് പദ്ധതി പ്രതിസന്ധിയിലാണ് എന്ന ആക്ഷേപം തീർത്തും വസ്തുതാപരമല്ലാത്തതാണ്. ഈ സർക്കാർ ഒന്നാം വർഷം ഒരു ലക്ഷം വീടുകൾ നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ 4 മാസത്തിനകം 13600 വീടുകൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾ താമസം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്നവരിൽ 43702 പേരുടെ വീട് നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. ഇതിൽ 11688 പേർ പട്ടികജാതി വിഭാഗത്തിൽ പെട്ടവരും 5411 പേർ പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവരും 1603 പേർ മത്സ്യത്തൊഴിലാളികളുമാണ്. ഈ വർഷം ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട 42698 ഭൂരഹിത ഭവനരഹിതരായവർക്ക് ഭൂമി ആർജ്ജിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്. ഇത്തരത്തിൽ ലൈഫ് മിഷന്റെ ഭാഗമായ പ്രവർത്തനങ്ങൾ ഇപ്പോഴും ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട്. അതുകൊണ്ടു തന്നെ ലൈഫ് പദ്ധതി പ്രതിസന്ധിയിലാണ് എന്ന വാദം നിരർത്ഥകമാണ്.

കഴിഞ്ഞ 5 വർഷം ലൈഫ് മിഷൻ പ്രവർത്തനം സജീവവും സമഗ്രവുമായി നടത്തി വന്ന അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഈ സർക്കാരും 5 വർഷം കൊണ്ട് 5 ലക്ഷം പേർക്ക് പാർപ്പിടം നൽകും. കൃത്യവും വ്യക്തവുമായ ആസൂത്രണത്തിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ആ അടിസ്ഥാനത്തിൽ ലൈഫ് മിഷന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

ലൈഫ് മിഷന്റെ സവിശേഷതയാണ് ഭവന സമുച്ചയങ്ങളുടെ (ഫ്ളാറ്റുകളുടെ) നിർമ്മാണം. സ്പോൺസർഷിപ്പിലൂടെ ലഭിച്ച 4 ഫ്ളാറ്റുകളുടെ (തിരുവനന്തപുരം മണ്ണന്തലയിൽ എൻ.ജി.ഒ. യൂണിയനും, വെങ്ങാനൂർ, കീഴ്മാട് എന്നീ ഗ്രാമപഞ്ചായത്തുകൾ മുഖേനയും അങ്കമാലിയിൽ മുനിസിപ്പാലിറ്റി മുഖേനയും) നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താ ക്കൾ താമസമാരംഭിച്ചു. ഇടുക്കി അടിമാലിയിൽ 217 യൂണിറ്റുകളുള്ള ഭവനസമുച്ചയം 24 കോടി രൂപയ്ക്ക് ലൈഫ് മിഷൻ വാങ്ങി ഗുണഭോക്താ ക്കൾക്ക് കൈമാറിയിട്ടുണ്ട്. ഇതിനു പുറമേ വിവിധ ജില്ലകളിലായി 36ഫ്ലാറ്റുകൾ (1713 യൂണിറ്റുകൾ) നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 28 ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. മറ്റ് 8 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ചുവരുന്നു. ഈ വർഷം 4 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കാനാകും. മറ്റുള്ളവയുടെ നിർമ്മാണവും വേഗത്തിൽ പൂർത്തീകരിക്കാനുള്ള ഇടപെടൽ നടത്തി വരുന്നുണ്ട്.

ഇവയ്ക്കെല്ലാം പുറമേ 17 ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ഇവയുടെ തുടർ നടപടികളും നടന്നു വരുന്നു. ഇതിനുപുറമെ മത്സ്യത്തൊഴിലാളികൾക്കു വേണ്ടി ഫിഷറീസ് വകുപ്പ് പുനർഗേഹം പദ്ധതിയിലൂടെയും പ്രകൃതി ദുരന്തങ്ങളിൽ വീട് തകർന്നവർക്കും മറ്റുമായി സഹകരണ വകുപ്പ് കെയർ ഹോം പദ്ധതിയിലൂടെയും ഭവന സമുച്ചയങ്ങളും പാർപ്പിടങ്ങളും നിർമ്മിച്ചു നൽകുന്നുണ്ട്.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ തുടർച്ചയായിട്ടാണ് അർഹത പ്പെട്ടതും എന്നാൽ വിവിധ കാരണങ്ങളാൽ ആദ്യഘട്ട ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയവരുമായ ഗുണഭോക്താ ക്കളെ കണ്ടെത്തുന്നതിനായി 2020 സെപ്തംബറിലും 2021ഫെബ്രുവരിയിലും പുതിയ അപേക്ഷകൾ ക്ഷണിച്ചത്. കോവിഡ് മഹാമാരിയുടെ പ്രതിസന്ധിക്കിടയിലും പരമാവധി പ്രചരണം നൽകിക്കൊണ്ട് ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്നതിന് സൗകര്യമൊരുക്കി. ഇതിലൂടെയാണ് 9,20,260 അപേക്ഷകൾ ലഭിച്ചത്. ഇതിൽ 6,41,653 അപേക്ഷകൾ ഭൂമിയുള്ള ഭവനരഹിതരുടെയും 2,78,607 അപേക്ഷകൾ ഭൂരഹിത ഭവന രഹിതരുടേതുമാണ്.

ഈ അപേക്ഷകളിന്മേൽ സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല എന്ന വിമർശനവും യാഥാർത്ഥ്യബോധത്തോടെയുള്ളതല്ല. 2020 സെപ്തംബറിൽ പുതിയ അപേക്ഷകൾ സ്വീകരിച്ച ഉടനെയാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് വന്നത്. അതിനുശേഷം 2021 ഫെബ്രുവരി വരെ അപേക്ഷയുടെ സമയം നീട്ടി നൽകേണ്ടി വന്നു. അതു കഴിഞ്ഞപ്പോഴേക്കും സംസ്ഥാന നിയമസഭയി ലേക്കുള്ള തെരഞ്ഞെടുപ്പ് വന്നു. തുടർച്ചയായി ഈ രണ്ട് തെരഞ്ഞെടുപ്പുകളും അവയുടെ പെരുമാറ്റച്ചട്ടവും മൂലം ആ ഘട്ടത്തിൽ പുതിയ അപേക്ഷകളുടെ പരിശോധന നടത്താനായിട്ടില്ല. തെരഞ്ഞെടുപ്പു കളുടെ നിയന്ത്രണങ്ങൾ ഒഴിവായി വരുമ്പോഴേക്കാണ് കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗം മൂലമുള്ള അടച്ചിടൽ സംസ്ഥാനത്ത് നടപ്പിലാക്കിയത്. എങ്കിലും ഇതിനിടയിൽ 2021 ഫെബ്രുവരി വരെ ലഭിച്ച എല്ലാ അപേക്ഷകളുടെയും പട്ടിക അതത് തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അത്തരത്തിൽ പരസ്യമായി അപേക്ഷകരുടെ പട്ടിക പ്രസിദ്ധീകരിച്ചു കൊണ്ട് ജനകീയ പരിശോധ നയ്ക്കുള്ള അവസരം നൽകിയിരുന്നു. ഈ നടപടികളുടെ തുടർച്ചയായി അപേക്ഷകളുടെ വിശദമായ പരിശോധന യ്ക്കുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രവർത്തന കലണ്ടറും അംഗീകരിച്ച് സർക്കാർ ഉത്തരവ് ഒക്ടോബർ 25 ന് പുറപ്പെടുവിച്ചിട്ടുണ്ട്. അപേക്ഷ പരിശോധന നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. നവംബർ 1 മുതൽ ഫീൽഡ് തല പരിശോധന ആരംഭിച്ചിട്ടുണ്ട്. ഈ മാസം കൊണ്ടു തന്നെ അത് പൂർത്തിയാകും. ഡിസംബർ 1 ന് കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ഡിസംബർ 15 വരെ ഒന്നാംഘട്ട അപ്പീൽ സമർപ്പിക്കുന്നതിനും ഡിസംബർ 30 നകം അതിൽ തീർപ്പ് വരുത്തുന്ന തിനും തീരുമാനിച്ചിട്ടുണ്ട്. രണ്ടാംഘട്ട അപ്പീൽ സമർപ്പിക്കുന്നതിന് ജനുവരി 15 വരെ സമയം നൽകും. ജനുവരി 31 നകം അവ തീർപ്പാക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഗ്രാമസഭകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് ഫെബ്രുവരി യോടെ അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാൻ സാധിക്കും.

നടപ്പുവർഷം 1037 കോടി രൂപ സംസ്ഥാന സർക്കാർ ലൈഫ് മിഷനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 1500 കോടി രൂപയുടെ ഹഡ്കോ വായ്പയ്ക്കു വേണ്ടി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ലഭ്യമാക്കും. അടുത്ത 5 വർഷം നടപ്പിലാക്കുന്ന ലൈഫ് ഭവനപദ്ധതിയ്ക്കുള്ള ധനസ്രോതസ്സുകളും സർക്കാർ ഉറപ്പു വരുത്തിയിട്ടുണ്ട്. അതുകൊണ്ടു തന്നെ ഒരു തരത്തിലുള്ള പ്രതിസന്ധിയും ലൈഫ് മിഷന്റെ ഭാഗമായിട്ടുള്ള ഭവനനിർമ്മാണപദ്ധതിയ്ക്ക് ഉണ്ടാകില്ല എന്ന് ഈ സഭ മുമ്പാകെ ഉറപ്പു നല്കുകയാണ്.

ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് സമയത്ത് ലൈഫ് മിഷൻ വലിയ നിലയിൽ ചർച്ച ചെയ്യപ്പെട്ടതാണ്. യു. ഡി. എഫ് അധികാരത്തിൽ വന്നാൽ ലൈഫ് മിഷൻ തന്നെ പിരിച്ചുവിടും എന്നതായിരുന്നു അന്ന് യു.ഡി.എഫ്. പ്രഖ്യാപിച്ചിരുന്നത്. കേന്ദ്ര അന്വേഷണ ഏജൻസികളെയും കോടതികളെയും ദുരുപയോഗപ്പെടുത്തി ലൈഫ് മിഷന്റെ പ്രവർത്തനം തടയാനും അന്നത്തെ യു ഡി എഫ് എം.എൽ.എ. മാർ ഉൾപ്പെടെ ശ്രമിക്കുകയുണ്ടായി. അങ്ങനെ ലൈഫ് മിഷനെ തന്നെ തകർക്കാൻ ശ്രമിച്ചവർ ഇപ്പോൾ ലൈഫ് മിഷന്റെ ഭാവിയെക്കുറിച്ച് ആശങ്കയുമായി വരുന്നത് ഏതായാലും സ്വാഗതാർഹമാണ്. യു.ഡി.എഫ് ന്റെ നിലപാടിൽ ഇത്തരത്തിൽ എന്തുതന്നെ വൈരുദ്ധ്യങ്ങളുണ്ടായിരുന്നാലും എൽ. ഡി എഫ് ന് ഇക്കാര്യത്തിൽ അന്നുമിന്നും ഉറച്ച, ഉറപ്പുള്ള ഒറ്റ സമീപനമേയുള്ളൂ. അത് ഈ സർക്കാരിന്റെ കാലത്തോടെ കേരളത്തിൽ ഭൂരഹിത ഭവന രഹിതർ ഉണ്ടാകാൻ പാടില്ലായെന്നതാണ്.

**യുഡിഎഫിന്റെ കാലത്തെ സ്ഥിതി**

2011 16ലെ യുഡിഎഫ് ഭരണകാലത്ത് വീട് വെച്ചുനൽകിയതിന്റെ കണക്ക് പതിമൂന്നാം കേരള നിയമസഭയുടെ16 ാം സമ്മേളനത്തിൽ (ഉമ്മൻചാണ്ടി സർക്കാരിന്റെ അവസാന സമയത്ത്) 2016 ഫെബ്രുവരി 24 ന് നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3204ന് നൽകിയ മറുപടിയിൽ അന്നത്തെ മുഖ്യമന്ത്രി നൽകിയ വിവരപ്രകാരം 3724 വീടുകളാണ് പൂർത്തീകരിച്ചു നൽകിയിട്ടുള്ളത്.

സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച സാമ്പത്തിക സർവ്വേയിൽ അച്ചടി പിശകുമൂലമുണ്ടായ ഒരു കണക്കാണ് യുഡിഎഫ് പലപ്പോഴും അവരുടെ കാലത്ത് 4ലക്ഷം വീടുകൾ നൽകിയെന്ന അവകാശവാദം ഉന്നയിക്കുന്നത്. ഇത് തീർത്തും വസ്തുതാ വിരുദ്ധമാണ്.

# വ്യാജ സർട്ടിഫിക്കറ്റ് നിർമാണം: കൊച്ചിയിൽ ഒരാൾ കൂടി അറസ്റ്റിൽ

നെടുമ്പാശേരി: വിദ്യാർഥികൾക്ക് വ്യാജ വിദ്യാഭ്യാസ സർട്ടിഫിക്കറ്റ് നിർമിച്ചു നൽകിയ കേസിൽ ഒരാൾ കൂടി പിടിയിൽ. പാലക്കാട് ആലത്തൂർ പൂത്തമണ്ണിൽ രമേഷ്(47)നെയാണ് ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്കിൻറെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്.

ഇലഞ്ഞി സ്വദേശി ഷാരോൺ റോയിക്ക് വാരണാസി കാശി വിദ്യാപീഠം സർവകലാശാലയുടെ ബിഎസ്സി ഹോട്ടൽ മാനേജ്മെൻറ് സർട്ടിഫിക്കറ്റാണ് ഇയാൾ വ്യാജമായി തയാറാക്കി നൽകിയത്. ഇതുമായി വിമാനത്താവളത്തിലെത്തിയ ഷാരോണിനെ പോലീസ് പിടികൂടിയിരുന്നു. കോഴിക്കോട് കൃഷ്ണ ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെൻറ് സ്റ്റഡീസ് എന്ന സ്ഥാപനം നടത്തുകയാണ് രമേഷ്.

വ്യാജ സർട്ടിഫിക്കറ്റുകളുമായി യുകെയിലേക്ക് പോകാൻ ശ്രമിച്ച ഏഴു വിദ്യാർഥികളാണ് രണ്ടു ദിവസങ്ങളിലായി നെടുമ്പാശേരി വിമാനത്താവളത്തിൽ എമിഗ്രേഷൻ വിഭാഗത്തിൻറെ പിടിയിലായത്. ഈ കേസിൽ ഇവർക്ക് വ്യാജ സർട്ടിഫിക്കറ്റ് നിർമിച്ചു നൽകിയ അഞ്ചു പേർ ഇതുവരെ പ്രത്യേക അന്വേഷണ സംഘത്തിൻറെ പിടിയിലായിട്ടുണ്ട്.

പാലക്കാട് സ്വദേശികളായ നഫ്സൽ, അബ്ദുൽ സലാം, കോട്ടയം സ്വദേശി ലിജോ ജോർജ്, വൈക്കം സ്വദേശി മുഹമ്മദ് നിയാസ് എന്നിവരാണ് നേരത്തേ പിടിയിലായത്.

# നെടുമങ്ങാട് നഗരസഭയിൽ അദാലത്ത്

നെടുമങ്ങാട്: നഗരസഭ റവന്യൂവിഭാഗം കെട്ടിട നികുതി പരിഷ്കരണ പരാതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പത്ത് വരെ നികുതി ദായകരിൽ നിന്ന് പരാതികൾ സ്വീകരിക്കും. 23, 24 തീയതികളിൽ പരാതി പരിഹാര അദാലത്ത് നടക്കും. നികുതി പരിഷ്കരണത്തിൽ ആക്ഷേപമുള്ള എല്ലാവരും അദാലത്ത് പ്രയോജനപ്പെടുത്തണമെന്ന് നഗരസഭാ അദ്ധ്യക്ഷ സി എസ് ശ്രീജയും മുനിസിപ്പൽ സെക്രട്ടറി ജി ഷെറിയും അറിയിച്ചു.

നെടുമങ്ങാട് നഗരസഭയിൽ പെർമിറ്റ്, ഒക്യുപെൻസി ലഭ്യമാകാത്ത അപേക്ഷകരിൽ നിന്ന് 5 മുതൽ 15 വരെ പരാതി സ്വീകരിക്കാനും 29 ന് ഒന്ന് മുതൽ 19 വരെയുള്ള വാർഡുകളിലെയും 30 ന് 20 മുതൽ 39 വരെയുള്ള വാർഡുകളിലെയും പരാതികളിൽ തീർപ്പ് കല്പിക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കാനും തീരുമാനിച്ചു. ഫയൽ നമ്പർ, മേൽവിലാസം, അപേക്ഷ നൽകിയ തീയതി, ഫോൺ നമ്പർ ഉൾപ്പടെ വെള്ള പേപ്പറിൽ അപേക്ഷ നൽകണം. ഫോൺ: 0472 2802238.

# പബ്ളിക് ലൈബ്രറിയിലെ പ്രാചീനലിപികളുടെ പ്രദർശനം ശ്രദ്ധേയമാകുന്നു

തിരുവനന്തപുരം: മലയാള ദിനാഘോഷത്തിന്റേയും ഔദ്യോഗിക ഭാഷാ വാരാചരണത്തിന്റെയും ഭാഗമായി സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി സംഘടിപ്പിച്ച കേരളത്തിലെ പ്രാചീന ലിപികളുടെ പ്രദർശനം ശ്രദ്ധേയമാകുന്നു. മലയാളഭാഷ രൂപപ്പെടാത്ത കാലത്തുള്ള ലഭ്യമായിട്ടുള്ളതിൽ വച്ച് ഏറ്റവും പ്രാചീനമായ മലയാള ലിപിയായ വെട്ടെഴുത്ത് (വട്ടെഴുത്ത്) , മലയാളം എഴുതാൻ ഉപയോഗിച്ച കോലെഴുത്ത്, മലയാണ്മ തുടങ്ങി ആദ്യകാല ലിപികൾ പ്രദർശനത്തിൽ ഉണ്ട്.

# പട്ടികവർഗ വികസന ഫണ്ട് വിനിയോഗം; യോഗം ചേർന്നു

തിരുവനന്തപുരം: ജില്ലാ വികസന സമിതിയോഗത്തിന് മുന്നോടിയായി പട്ടികവർഗമേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസയുടെ നേതൃത്വത്തിൽ യോഗം ചേർന്നു. അരുവിക്കര, വാമനപുരം, പറശാല നിയോജകമണ്ഡലങ്ങളിൽ പട്ടികവർഗവികസന വകുപ്പിന്റെയും പഞ്ചായത്തിന്റെയും ഫണ്ടിൽ ഉൾപ്പെട്ട പദ്ധതികളും അവയുടെ പുരോഗതിയും യോഗം വിലയിരുത്തി.

201415 സാമ്പത്തിക വർഷം മുതലുള്ള പൂർത്തിയാകാത്ത പദ്ധതികളും പട്ടിക വർഗമേഖലയിലെ അടിസ്ഥാന പ്രശ്നങ്ങളും യോഗത്തിൽ ചർച്ചാ വിഷയമായി. പട്ടികവർഗവികസന വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യവികസനം, ആദിവാസി സെറ്റിൽമെന്റിലേക്കുള്ള റോഡ് നിർമ്മാണം, കുടിവെള്ള കണക്ഷൻ എന്നിവയും യോഗം ചർച്ച ചെയ്തു. വന്യജീവി ആക്രമണങ്ങളിൽ നിന്ന് ആദിവാസികളെ സംരക്ഷിക്കുന്നതിന് സോളാർ ഫെൻസിങ്, കിടങ്ങുകൾ എന്നിവയുടെ നിർമ്മാണവും അവ പരിപാലിക്കുന്നതിനാവശ്യമായ നടപടികളും സർക്കാർ ശ്രദ്ധയിൽ കൊണ്ടുവരുമെന്ന് യോഗത്തിൽ പങ്കെടുത്ത ജി സ്റ്റീഫൻ എംഎൽഎ അറിയിച്ചു. പട്ടികവർഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് എല്ലാ വകുപ്പുകളും ഒരുമിച്ച് നിൽക്കണമെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ വികസന കമ്മിഷണർ ഡോ. വിനയ് ഗോയൽ, ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ, ജില്ലാ ഫോറസ്റ്റ് ഡിവിഷൻ ഓഫീസർ, ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർ, വാട്ടർ അതോറിറ്റിപൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയർമാർ എന്നിവരുംയോഗത്തിൽ പങ്കെടുത്തു.



'എന്റെ ജില്ല' മൊബൈൽ ആപ്പിന്റെ പോസ്റ്റർവീഡിയോ പ്രകാശനം ജില്ലാ കളക്ടർ നിർവഹിക്കുന്നു.



കേരള ഫീഡ്സ് ലിമിറ്റഡും കെ.എസ്.ആർ.ടി.സിയും ചേർന്ന് നടപ്പിലാക്കിയ ''ഫീഡ് ഓൺ വീൽസ്'' പദ്ധതിയുടെ ഉദ്ഘാടനവും ഫ്ളാഗ് ഓഫും മന്ത്രിമാരായ ആന്റണി രാജു, ജെ.ചിഞ്ചുറാണി എന്നിവർ ചേർന്ന് നിർവ്വഹിക്കുന്നു.

# കെഎസ്ആർടിസി ബസ് വഴി കാലിത്തീറ്റ ക്ഷീരകർഷകർക്ക് എത്തിക്കും

തിരുവനന്തപുരം: വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കോവിഡ് എന്നിവ മൂലം ദുരിതത്തിലായ ക്ഷീരകർഷകർക്കായി സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല കാലിത്തീറ്റ നിർമ്മാതാക്കളായ കേരള ഫീഡ്സിൻറെ 'ഫീഡ് ഓൺ വീൽസ്' പദ്ധതിക്ക് തുടക്കമായി. ആവശ്യക്കാർക്ക് കെഎസ്ആർടിസി ബസ് വഴി കാലിത്തീറ്റ എത്തിക്കുന്നതാണ് ഈ പദ്ധതി.

തിരുവനന്തപുരം വികാസ് ഭവൻ കെഎസ്ആർടിസി ഡിപ്പോയിൽ നടന്ന ചടങ്ങിൽ പദ്ധതി മൃഗസംരക്ഷണ, ക്ഷീരവികസന മന്ത്രി ജെ.ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. നവംബർ 5 മുതൽ ഫീഡ് ഓൺ വീൽസ് പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ പരീക്ഷണ ഓട്ടം വിജയകരമായതിനെ തുടർന്നാണ് മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നത്. കർഷകർക്ക് കന്നുകാലി, കോഴി, ആട് എന്നിവയ്ക്കുള്ള തീറ്റ ബസ്സിൽനിന്ന് നേരിട്ടു വാങ്ങാം. 40 രൂപ മുതൽ 300 രൂപ വരെ സബ്സിഡി നിരക്കിൽ ഇത് ലഭിക്കും. കർഷകർക്ക് ഫോൺ വഴിയോ എസ്എംഎസ് വഴിയോ കാലിത്തീറ്റ ബുക്ക് ചെയ്താൽ തീറ്റ അവരുടെ മുറ്റത്ത് എത്തുമെന്നും മന്ത്രി പറഞ്ഞു.

ഫീഡ് ഓൺ വീൽസിൻറെ ഫ്ളാഗ് ഓഫ് ഗതാഗത മന്ത്രി ആൻറണി രാജു നിർവ്വഹിച്ചു. ഈ ബസ് രണ്ടു ദിവസം തിരുവനന്തപുരം ജില്ലയിൽ സഞ്ചരിക്കും.

രണ്ടു സർക്കാർ സ്ഥാപനങ്ങൾ തമ്മിൽ കൈകോർക്കുന്ന നൂതന പദ്ധതിയായ ഫീഡ് ഓൺ വീൽസ് ക്ഷീരകർഷകർക്കിടയിൽ മികച്ച സ്വീകാര്യതയുണ്ടാക്കുമെന്ന് മന്ത്രി ആൻറണി രാജു പറഞ്ഞു. വരുമാന പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെഎസ്ആർടിസിയെ വരുമാനം വർധിപ്പിച്ച് സ്വന്തം കാലിൽ നിർത്താനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. യാത്രക്കാരെ കൊണ്ടുപോകാൻ കഴിയാത്ത കെഎസ്ആർടിസി ബസ്സുകളെ മറ്റു രീതിയിൽ ഉപയോഗപ്പെടുത്തി വരുമാനമുണ്ടാക്കും. ടിക്കറ്റേതര വരുമാനമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ കെഎസ്ആർടിസി നിരവധിയായ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഫീഡ് ഓൺ വീൽസിൻറെ ആദ്യവിൽപ്പന കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഡോ.ബി.ശ്രീകുമാർ നിർവ്വഹിച്ചു.

പേമാരിയിൽ സർവതും നഷ്ടപ്പെട്ട കർഷകർ പശുക്കൾക്ക് കാലിത്തീറ്റ ലഭിക്കാൻ ഏറെ ബുദ്ധിമുട്ടുകയാണിപ്പോൾ. പലയിടത്തും ഏജൻസി വഴി കാലിത്തീറ്റ ലഭിക്കുന്നത് ദുഷ്കരമാണ്. ഈ പ്രതിസന്ധി മറികടക്കുന്നതിന് കേരള ഫീഡ്സ് ആവിഷ്കരിച്ചതാണ് ഫീഡ് ഓൺ വീൽസ് പദ്ധതി. കാലിത്തീറ്റ ആവശ്യമുള്ളവർ കേരള ഫീഡ്സിൽ ബന്ധപ്പെട്ടാൽ അവരുടെ സ്ഥലത്തേക്ക് കെഎസ്ആർടിസി ലൊജിസ്റ്റിക്സ് സംവിധാനം ബസ് വഴി കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റയെത്തിക്കും.

കേരള ഫീഡ്സിൻറെ ഏജൻസിയില്ലാത്ത സ്ഥലങ്ങളിൽ മിതമായ വിലയ്ക്ക് ഉത്പന്നങ്ങളുടെ വിതരണം ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഡോ.ബി.ശ്രീകുമാർ പറഞ്ഞു. വെള്ളപ്പൊക്കവും ഉരുൾപൊട്ടലും കണക്കിലെടുത്ത് കേരള ഫീഡ്സിൻറെ എല്ലാ ഉൽപ്പന്നങ്ങളും പ്രത്യേക വിലക്കിഴിവിലാണ് ലഭ്യമാക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഉത്പന്നങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾക്ക് 9447490116 എന്ന നമ്പറിൽ ബന്ധപ്പെടുക.

കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെൻറ് ബോർഡ് എം.ഡി ഡോ.ജോസ് ജെയിംസ്, കൗൺസിലർ മേരി പുഷ്പം, കേരള ഫീഡ്സ് ലിമിറ്റഡ് ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേജർ ഷൈൻ എസ്.ബാബു എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

2018, 2019 വർഷങ്ങളിലെ മഹാപ്രളയത്തിലും കോവിഡ് പ്രതിസന്ധിയിലും സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് കൈത്താങ്ങായി നിന്നത് കേരള ഫീഡ്സ് ആയിരുന്നു. പ്രളയസമയത്ത് വിവിധ ജില്ലകളിൽ സൗജന്യനിരക്കിൽ കാലിത്തീറ്റ നൽകുന്ന 'സ്നേഹസ്പർശം' പദ്ധതി കേരള ഫീഡ്സ് നടപ്പാക്കി. രാജ്യവ്യാപക ലോക് ഡൗണിലും കാലിത്തീറ്റ നിർമ്മാണ അസംസ്കൃത വസ്തുക്കൾ അവശ്യസേവന വിഭാഗത്തിൽ പെടുത്തി കാലിത്തീറ്റ ക്ഷാമം ഉണ്ടാകാതെ സംരക്ഷിച്ചതും കേരള ഫീഡ്സിൻറെ പരിശ്രമഫലമായാണ്.

## വിജ്ഞാനകോശങ്ങൾ കൂടുതൽ ജനങ്ങളിലേക്കെത്തണം: മന്ത്രി

തിരുവനന്തപുരം: സമൂഹത്തിന് വസ്തുനിഷ്ഠമായ അറിവ് പകർന്നു നൽകുന്നതിൽ വിജ്ഞാന കോശങ്ങൾ പ്രധാന പങ്കു വഹിക്കുമ്പോൾ തന്നെ വിജ്ഞാനകോശങ്ങൾ ജനങ്ങളിലേക്ക് കൂടുതൽ എത്തിച്ചേരേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ വജ്ര ജൂബിലി ആഘോഷങ്ങളുടെ ലോഗോ പ്രകാശനവും പരിപാടികളുടെ ഉദ്ഘാടനവും നിർവ്വഹിക്കുകയായിരുന്നു മന്ത്രി സജി ചെറിയാൻ. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. കാർത്തികേയൻ നായർ അധ്യക്ഷത വഹിച്ചു. കേരള ലളിതകലാ അക്കാദമി ചെയർമാൻ നേമം പുഷ്പരാജ്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ , ശ്രീനാരായണ ഗുരു പഠന കേന്ദ്രം ഡയറക്ടർ ഡോ. ബി സുഗീത, ഭാരത് ഭവൻ മെമ്പർ സെക്രട്ടറി പ്രമോദ് പയ്യന്നൂർ, ബുക്ക് മാർക്ക് സെക്രട്ടറി എ. ഗോകുലേന്ദ്രൻ , സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഭരണ സമിതിയംഗം പ്രൊഫ.കെ. എൻ.ഗംഗാധരൻ എന്നിവർ ആശംസകളർപ്പിച്ചു. സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എ ആർ രാജൻ സ്വാഗതവും അസിസ്റ്റന്റ് എഡിറ്റർ എസ് കൃഷ്ണകുമാർ നന്ദിയും പറഞ്ഞു.

## കുഞ്ഞ് ആയുഷിന് മന്ത്രി ജെ ചിഞ്ചുറാണിയുടെ അഭിനന്ദനം

തിരുവനന്തപുരം: ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിന്റെ അംഗീകാരം നേടിയ കുഞ്ഞ് ആയുഷിന് മന്ത്രി ജെ ചി!ഞ്ചുറാണിയുടെ അഭിനന്ദനം. മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരനായ ശബരിനാഥിന്റെയും എം കെ രാജിയുടെയും മകനായ ആയുഷിനെ കേരളപ്പിറവി ദിനാഘോഷ പരിപാടിയിലാണ് മന്ത്രി അഭിന്ദിച്ച് ഉപഹാരം നൽകിയത്. വെറും മൂന്ന് വയസ്സും ഒരു മാസവും പ്രായമുള്ളപ്പോൾ ആയുഷ് രാജ്യത്തെ 28 സംസ്ഥാനങ്ങളുടെയും തലസ്ഥാനങ്ങൾ, 10 ഷേപ്പുകൾ, 10 കളറുകൾ, എട്ട് പ്ലാനറ്റുകൾ, ആഴ്ചയിലെ ദിവസങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും, മാസങ്ങളുടെ പേര്, മഴവില്ലിലെ നിറങ്ങൾ, 50 പൊതു വിജ്ഞാന ചോദ്യങ്ങൾക്കുത്തരം എന്നിവ തെറ്റാതെ പറഞ്ഞാണ് റെക്കോർഡ് നേടിയത്. 2021 സെപ്റ്റംബറിൽ ആണ് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിന്റെ അംഗീകാരം ആയുഷ് നേടിയത്.

## വിൽക്കാനാകാതെ വിളവ് നശിപ്പിച്ച് യുപി കർഷകൻ

ന്യൂഡൽഹി: വിൽക്കാൻ കഴിയാത്തതിന്റെ പേരിൽ വിളവ് കത്തിച്ച് നശിപ്പിച്ച് ഉത്തർപ്രദേശിലെ കർഷകൻ. ലഖിംപുർ ഖേരിയിൽ വിളവെടുത്ത നെല്ല് 15 ദിവസമായിട്ടും വിൽക്കാൻ കഴിയാത്തതിന്റെ നിരാശയിൽ അവ കൂട്ടിയിട്ട് കത്തിക്കുന്നതിന്റെ വീഡിയോ പുറത്തുവന്നു.

സംഭവത്തിൽ യുപിയിലെ ആദിത്യനാഥ് സർക്കാരിനെതിരെ രൂക്ഷവിമർശനവുമായി ബിജെപി എംപി വരുൺ ഗാന്ധിയും രംഗത്തെത്തി. രാജ്യത്തെ കാർഷിക നയങ്ങളിൽ പുനർവിചിന്തനം വേണമെന്നും വരുൺ ഗാന്ധി ആവശ്യപ്പെട്ടു.

മുഖ്യമന്ത്രി ആദിത്യനാഥിന്റെ നേതൃത്വത്തിലുള്ള ഉത്തർപ്രദേശ് സർക്കാരിനെ രൂക്ഷമായി വിമർശിച്ച് കഴിഞ്ഞ ദിവസം വരുൺ ഗാന്ധി രംഗത്തുവന്നിരുന്നു. കനത്ത മഴ നാശം വിതക്കുമ്പോൾ പൗരന്മാർ സ്വന്തം കാര്യം സ്വയം നോക്കണമെങ്കിൽ പിന്നെ എന്തിനാണ് ഒരു ഭരണ സംവിധാനം എന്നായിരുന്നു വരുണിന്റെ ചോദ്യം.

അടുത്ത വർഷത്തെ നിയമസഭാ തെരഞ്ഞെടുപ്പിന് ഒരുങ്ങുന്നതിനിടെ വരുൺ ഗാന്ധി നടത്തുന്ന പ്രതിഷേധങ്ങൾ ബിജെപിയെ പ്രതിസന്ധിയിലാക്കുന്നുണ്ട്. കർഷക സമരവും ലഖിംപുർ ഖേരിയിലെ കർഷക കൂട്ടകൊലയുമായി ബന്ധപ്പെട്ടും ബിജെപിയോട് കടുത്ത അതൃപ്തി വരുൺ രേഖപ്പെടുത്തിയിരുന്നു.

# അതിശക്തമായ മഴയ്ക്ക് സാധ്യത; ജില്ലയിൽ ഇന്ന് ഓറഞ്ച് അലർട്ട്

തിരുവനന്തപുരം: ഇന്നും ജില്ലയിൽ ഒറ്റപ്പെട്ടയിടങ്ങളിൽ 24 മണിക്കൂറിൽ 115.6 മില്ലിമീറ്റർ മുതൽ 204.4 മില്ലിമീറ്റർ വരെയുള്ള അതിശക്തമായ മഴയ്ക്കു സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മേൽ സാഹചര്യത്തിൽ ജില്ലയിൽ ഇന്നും നാളെയും ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചതായി ജില്ലാ കളക്ടറുടെ ചുമതലയുള്ള എഡിഎം ഇ മുഹമ്മദ് സഫീർ അറിയിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ വലിയ അളവിൽ മഴ ലഭിച്ച പ്രദേശങ്ങളിൽ മഴ തുടരുന്ന സാഹചര്യത്തിൽ താഴ്ന്ന പ്രദേശങ്ങൾ, നദീതീരങ്ങൾ, ഉരുൾപൊട്ടൽമണ്ണിടിച്ചിൽ സാധ്യതയുള്ള മലയോര പ്രദേശങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർ അതീവ ജാഗ്രത പാലിക്കണമെന്ന് അറിയിപ്പിൽ പറയുന്നു.

നാളെ കേരള തീരത്തും ഇന്നും നാളെയും ലക്ഷദ്വീപ് തീരത്തും അഞ്ച്, ആറ് തീയതികളിൽ കർണാടകാ തീരത്തും മണിക്കൂറിൽ 40 മുതൽ 50 കിലോ മീറ്റർ വരെ വേഗതയിൽ വീശിയടിച്ചേക്കാവുന്ന ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദ്ദം നിലവിൽ കോമറിൻ ഭാഗത്തും സമീപ പ്രദേശങ്ങളിലുമായാണ് സ്ഥിതി ചെയ്യുന്നത്. അടുത്ത 24 മണിക്കൂറിനുള്ളിൽ തെക്ക് കിഴക്കൻ അറബിക്കടലിൽ പ്രവേശിക്കുന്ന ന്യൂനമർദ്ദം തുടർന്നുള്ള 48 മണിക്കൂറിൽ വടക്ക് വടക്ക് പടിഞ്ഞാറ് ദിശയിൽ സഞ്ചരിച്ച് ശക്തി പ്രാപിച്ചേക്കാമെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പുണ്ട്. ശക്തമായ കാറ്റിനും കടൽ പ്രക്ഷുബ്ധമാകാനും സാധ്യതയുള്ളതിനാൽ കേരള തീരത്ത് നവംബർ നാല് വരെ മത്സ്യബന്ധനം പാടില്ലെന്നും മത്സ്യ തൊഴിലാളികൾ കൂടുതൽ ജാഗ്രത പാലിക്കണമെന്നും ജില്ലാ കളക്ടറുടെ ചുമതലയുള്ള എഡിഎം ഇ മുഹമ്മദ് സഫീർ അറിയിച്ചു. ഈ ദിവസങ്ങളിൽ മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് അറിയിപ്പിൽ പറയുന്നു.

# നടന്റെ കാർ തകർത്ത കോൺഗ്രസ് നേതാക്കൾക്കെതിരെ ജാമ്യമില്ലാ കുറ്റം ചുമത്തി

കൊച്ചി: ദേശീയ പാത ഉപരോധിച്ച് കോൺഗ്രസുകാർ നടൻ ജോജു ജോർജിന്റെ വാഹനം തല്ലിത്തകർത്ത സംഭവത്തിൽ നേതാക്കൾക്കും പ്രവർത്തകർക്കുമെതിരെ പൊലീസ് കേസുകൾ രജിസ്റ്റർ ചെയ്തു. അന്യായമായി ദേശീയ പാത ഉപരോധിക്കുകയും മാർഗ തടസം സൃഷ്ടിക്കുകയും ചെയ്ത സംഭവത്തിൽ 15 പേർക്കെതിരെയും ജോജുവിന്റെ വാഹനം തകർത്ത കേസിൽ എട്ട് പേർക്കെതിരെയുമാണ് ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസ് എടുത്തിട്ടുള്ളത്. ദേശീയ പാത ഉപരോധിച്ച കേസിൽ എറണാകുളം ജില്ലാ കോൺഗ്രസ് കമ്മറ്റി പ്രസിഡന്റ് മുഹമ്മദ് ഷിയാസാണ് ഒന്നാം പ്രതി. മുൻ ഡിസിസി പ്രസിഡന്റ് വി ജെ പൗലോസ് രണ്ടാം പ്രതിയും കൊടിക്കുന്നേൽ സുരേഷ് എംപി മൂന്നാം പ്രതിയുമാണ്. അനുവാദമില്ലാതെ റോഡ് ഉപരോധിച്ചതിനും അന്യായമായി സംഘം ചേർന്നതിനും മാർഗ തടസം സൃഷ്ടിച്ചതും അടക്കമുള്ള കുറ്റങ്ങളാണ് നേതാക്കന്മാർക്കെതിരെ ചുമത്തിയിട്ടുള്ളത്.

അതേ സമയം ഉപരോധ സമരം ചോദ്യം ചെയ്ത നടൻ ജോജു ജോർജിന്റെ വാഹനം അടിച്ച് തകർത്ത സംഭവത്തിൽ മുൻ മേയർ ടോണി ചമ്മണി ഉൾപ്പെടെ എട്ട് കോൺഗ്രസ് നേതാക്കന്മാർക്കെതിരെ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസുണ്ട്. റോഡ് ഉപരോധിച്ച് സമരം നടത്തിയതിന് തിങ്കളാഴ്ച കണ്ടാലറിയാവുന്ന 50 പേർക്കെതിരെ കേസ് എടുത്തിരുന്നു. ഇതിൽ നിന്നാണ് 15 നേതാക്കന്മാരെ പ്രതിചേർത്ത് എഫ്ഐആർ ഇട്ടത്. മുൻ എംഎൽഎ വിപി സജീന്ദ്രൻ, ദീപ്തി മേരി വറുഗീസ്, ജോഷി പള്ളൻ, ടോണി ചമ്മിണി, എൻ വേണുഗോപാൽ, ഡൊമനിക് പ്രസേന്റഷൻ അടക്കമുള്ള ജില്ലയിലെ നേതാക്കന്മാരെല്ലാം കേസിലെ പ്രതിപട്ടികയിലുണ്ട്. മൈക്ക് ഉപയോഗിക്കുവാനും അഞ്ച് മിനിറ്റിൽ കൂടുതൽ ദേശീയ പാത ഉപരോധിക്കുവാനും അനുവാദം നൽകിയിരുന്നില്ലെന്ന് പൊലീസ് പറയുന്നു. സമരത്തെ എതിർത്ത് സംസാരിച്ച നടൻ ജോജു ജോർജിനെതിരെ വനിതാ പ്രവർത്തകരെ മുൻനിർത്തി കേസിൽ കുടുക്കുവാനുള്ള കോൺഗ്രസിന്റെ നീക്കവും പാളി. ആരോപണങ്ങൾക്ക് തെളിവില്ലെന്നും ജോജുവിനെതിരെ കേസ് എടുത്തിട്ടില്ലെന്നും സിറ്റി പൊലീസ് കമ്മിഷ്ണർ സി എച്ച് നാഗരാജു പ്രതികരിച്ചു. ജോജു സമരമുഖത്തേയ്ക്ക് എത്തുമ്പോൾ സമീപത്തുണ്ടായിരുന്ന പൊലീസുകാരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടെന്നും കൂടുതൽ അന്വേഷണം നടത്തുമെന്നും കമ്മിഷ്ണർ പറഞ്ഞു. സംഭവം നടക്കുമ്പോൾ ജോജുവിനൊപ്പം വാഹനത്തിലുണ്ടായിരുന്ന സംവിധായകൻ എകെ സാജന്റെ മൊഴിയും രേഖപ്പെടുത്തി.

# സർവകലാശാലാ നിയമനങ്ങൾ: വ്യാജ പ്രചാരണങ്ങളിൽ വഞ്ചിതരാകരുത്

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലയിൽ വിവിധ തസ്തികകളിലേക്ക് സ്ഥിരനിയമനം നടക്കുന്നുവെന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ വ്യാജപ്രചാരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടതായി രജിസ്ട്രാർ ഡോ. ഇ കെ സതീഷ് അറിയിച്ചു. അടുത്തിടെ സർവകലാശാലാ പ്രസ്സിലേക്ക് കൗണ്ടർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിന് നൽകിയ വിജ്ഞാപനം തെറ്റായ രീതിയിൽ പ്രചരിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ജോലിയാണ്, ഭാവിയിൽ സ്ഥിരപ്പെടാം എന്ന മട്ടിൽ സമൂഹമാധ്യമങ്ങളിൽ ചിലർ നടത്തിയ പ്രചാരണത്തിൽ നിരവധി പേർ തെറ്റിദ്ധരിക്കാനിടയായി. പന്ത്രണ്ടായിരത്തിലധികം അപേക്ഷകളാണ് ഇതിനകം സർവകലാശാലയിൽ ലഭിച്ചത്. അപേക്ഷാ സമർപ്പണത്തിനും വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിനും ചില ഓൺലൈൻ സേവനകേന്ദ്രങ്ങൾ വലിയ തുക ഫീസിനത്തിലും ഈടാക്കുന്നതായും ഉദ്യോഗാർഥികൾ പരാതിപ്പെട്ടിരുന്നു. സർവകലാശാലയിലേക്കുള്ള നിയമനങ്ങൾ സംബന്ധിച്ച് ഔദ്യോഗിക വെബ്സൈറ്റിലും പത്രമാധ്യമങ്ങളിലും സർവകലാശാല നൽകുന്ന വിജ്ഞാപനങ്ങൾ മാത്രമാണ് ആധികാരികം. തെറ്റായ പ്രചാരണങ്ങളിൽ വഞ്ചിതരാകാതിരിക്കാൻ ഉദ്യോഗാർഥികൾ ജാഗ്രത കാണിക്കണം. അല്ലാതെയുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് സർവകലാശാല ഉത്തരവാദിയായിരിക്കില്ലെന്നും രജിസ്ട്രാർ അറിയിച്ചു.

## അനധികൃത വിദേശ നിർമ്മിത സിഗരറ്റ് വില്പന: മൂന്നു പേർ പിടിയിൽ

കോവളം: കോവളം ബീച്ച് കേന്ദ്രീകരിച്ച് അനധികൃതമായി വിദേശ നിർമ്മിത സിഗററ്റ് വില്പന നടത്തിയ മൂന്നുപേരെ കോവളം പൊലീസ് പിടികൂടി. കോവളം ലൈറ്റ് ഹൗസ് ബീച്ചിന് സമീപം കട നടത്തുന്ന ഹബീബ്, ബീച്ച് റോഡിൽ കട നടത്തുന്ന താജുദീൻ, അനിൽകുമാർ എന്നിവരാണ് പിടിയിലായത്.

ഇവരിൽ നിന്ന് 1700 പായ്ക്കറ്റോളം വിദേശ സിഗരറ്റ് പായ്ക്കറ്റുകൾ കണ്ടെടുത്തു. പൊലീസിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്നുള്ള പരിശോധനയിലാണ് ഇവരെ പിടികൂടിയതെന്ന് കോവളം പൊലീസ് പറഞ്ഞു. പിടിയിലായവർ സ്ഥിരമായി ബീച്ചിൽ അനധികൃത വിദേശ സിഗരറ്റ് കച്ചവടം നടത്തുന്നവരാണ്.

ഇവർക്ക് ലഹരി മാഫിയയുമായി ബന്ധമുണ്ടോ എന്നും പൊലീസ് അന്വേഷിക്കുന്നുണ്ട്. ഇൻസ്പെക്ടർ പ്രൈജു ജി, എസ്ഐ അനീഷ്കുമാർ എസ് എന്നിവരുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘമാണ് ഇവരെ പിടികൂടിയത്.

# ഇൻഡേൻ കമ്പോസിറ്റ് എൽപിജി സിലിണ്ടർ അവതരിപ്പിച്ചു

തിരുവനന്തപുരം: ഇൻഡേൻ കമ്പോസിറ്റ് എൽപിജി സിലിണ്ടർ ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി ആർ അനിൽ വിപണിയിലിറക്കി. ഭക്ഷ്യ സിവിൽ സപ്ലൈസ് സെക്രട്ടറി ടീക്കാറാം മീണ, ഇന്ത്യൻ ഓയിൽ സംസ്ഥാന തലവൻ വി സി അശോകൻ എന്നിവർ പങ്കെടുത്തു. തുടക്കത്തിൽ തിരുവനന്തപുരത്ത് മാത്രമാണ് കമ്പോസിറ്റ് സിലിണ്ടർ ലഭിക്കുക. തുടർന്ന് കൊച്ചിയിലും കോഴിക്കോടും ലഭ്യമാക്കും. ക്രമേണ സംസ്ഥാനത്തൊട്ടാകെ കമ്പോസിറ്റ് സിലിണ്ടർ ലഭിക്കും. ഹൈഡെൻസിറ്റി പോളിത്തിലിൻ ഉപയോഗിച്ചാണ് കമ്പോസിറ്റ് സിലിണ്ടർ നിർമ്മിച്ചിരിക്കുന്നത്. ഫൈബർ ഗ്ലാസിന്റെ കവചവും ഉണ്ട്. പുറമേ എച്ച്ഡിപിഇ ഔട്ടർ ജാക്കറ്റും. അഞ്ച് കിലോ, 10 കിലോ തൂക്കം ഉള്ള രണ്ടു വേരിയന്റുകളിൽ കമ്പോസിറ്റ് സിലിണ്ടർ ലഭിക്കും. ഇപ്പോൾ ഉപയോഗത്തിലുള്ള പരമ്പരാഗത സിലിണ്ടറുകളെ അപേക്ഷിച്ച് നിരവധി ഗുണങ്ങൾ പുതിയ സിലിണ്ടറിനുണ്ട്. പരമ്പരാഗത സിലിണ്ടറുകളെ അപേക്ഷിച്ച് കമ്പോസിറ്റ് സിലിണ്ടറിന് ഭാരം കുറവായതിനാൽ കൈകാര്യം ചെയ്യാൻ സൗകര്യപ്രദമാണ്. കമ്പോസിറ്റ് സിലിണ്ടർ സുതാര്യമായതിനാൽ, സിലിണ്ടറിനുള്ളിലെ എൽപിജിയുടെ അളവ് ഉപഭോക്താവിന് കാണാൻ കഴിയും. റീഫില്ലിന് ഇത് സഹായകമാണ്.

# യുവാക്കളെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ 10 പേർ പിടിയിൽ

തിരുവനന്തപുരം: ശ്രീകണ്ഠേശ്വരം ഗണപതി കോവിലിനു സമീപം ബൈക്കിൽ യാത്ര ചെയ്തു വന്ന യുവാക്കളെ ആക്രമിച്ചു കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ 10 പേരെ പിടികൂടി. ശ്രീകണ്ഠേശ്വരം ചെമ്പകശ്ശേരി നാലുമുക്ക് വിനായകം വീട്ടിൽ വിഷ്ണു (32 ), പാൽക്കുളങ്ങര തേങ്ങപ്പുര ലെയിൻ വട്ടവിളാകത്ത് വീട്ടിൽ പച്ച മനോജ് എന്ന് വിളിക്കുന്ന മനോജ് കുമാർ ( 31), പെരുന്താന്നി ചിത്തിര നഗർ മുരുകാ ഭവനിൽ കണ്ണാടി സുനിൽ എന്ന് വിളിക്കുന്ന സുനിൽകുമാർ (31), പേട്ട ചായകുടി ലെയിനിൽ ജബ വില്ലയിൽ സന്തോഷ് (36), ആറ്റുകാൽ പാടശ്ശേരി പണയിൽ പുത്തൻവീട്ടിൽ ബൈജു (39), നെടുങ്കാട് സോമൻ നഗർ അർച്ചന ഹൗസിൽ വടി ദിലീപ് എന്ന് വിളിക്കുന്ന ദിലീപ്(35), ഫോർട്ട് ഹൈസ്കൂളിന് എതിർവശം പട്ടത്ത് വീട്ടിൽ നിതീഷ് (24), ഫോർട്ട് ഹൈസ്കൂളിന് എതിർവശം പട്ടത്തു വീട്ടിൽ ധനീഷ് (22), കൈതമുക്ക് ഇരുമ്പുപാലം റോഡ് ഈശ്വര വിലാസം വീട്ടിൽ അർജുൻ( 22 ), ചക്ക തഴശ്ശേരി ലെയിൻ തകിടി മുടുംബിൽ വീട്ടിൽ ദാസപ്പൻ എന്ന് വിളിക്കുന്ന കൃഷ്ണദാസ് (22) എന്നിവരെയാണ് വഞ്ചിയൂർ പൊലീസ് അറസ്റ്റ് ചെയ്തത്.

തിങ്കളാഴ്ച രാത്രി 9.30 നാണ് സംഭവം. ബൈക്കിൽ യാത്ര ചെയ്തു വന്ന ശ്രീകണ്ഠേശ്വരം സ്വദേശി പ്രദീപ്, വലിയശാല സ്വദേശി സന്തോഷ് എന്നിവരെ കാറിലും, ബൈക്കിലുമായി എത്തിയ അക്രമിസംഘം യുവാക്കൾ സഞ്ചരിച്ചിരുന്ന ബൈക്കിൽ കാർ കൊണ്ട് ഇടിച്ചുവീഴ്ത്തുകയും വെട്ടുകത്തി കൊണ്ട് വെട്ടുകയും ഇരുമ്പ് പൈപ്പ് കൊണ്ട് അടിച്ചും കൊലപ്പെടുത്താൻ ശ്രമിച്ചത്. മുൻവൈരാഗ്യമാണ് ആക്രമണത്തിന് കാരണം. ശംഖുമുഖം അസിസ്റ്റന്റ് കമ്മിഷണർ ഡി കെ പൃഥ്വിരാജിന്റെ നേതൃത്വത്തിൽ വഞ്ചിയൂർ എസ്എച്ച്ഒ ദിപിൻ, എസ്ഐ മാരായ ഉമേഷ്, ജയപ്രകാശ്, അനിൽകുമാർ, സിപിഒമാരായ ഗോകുൽ, ശിവപ്രസാദ്, ജോസ്, രാകേഷ്, വിജിൻ, ജിജോയ്, സുനിൽ കുമാർ എന്നിവരടങ്ങിയ പൊലീസ് സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

## വൊക്കേഷണൽ ഡിപ്ലോമ പ്രവേശന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: ആറ്റിങ്ങൽ സർക്കാർ പോളിടെക്നിക് കോളജിലെ 202122 അധ്യയന വർഷത്തെ വൊക്കേഷണൽ ഡിപ്ലോമ പ്രവേശന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. അഡ്മിഷൻ കോളജിൽ വച്ച് നടക്കും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ അഡ്മിഷനായി നാളെ അസൽ സർട്ടിഫിക്കറ്റ്, ടിസി, സിസി, റേഷൻ കാർഡ് (ബിപിഎൽ) എന്നിവ സഹിതം കോളജിൽ ഹാജരാകണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു. ഓട്ടോമൊബൈൽ സർവീസിങ് കോഴ്സിന്റെ അഡ്മിഷൻ തിങ്കളാഴ്ച രാവിലെ 10നും ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് കോഴ്സിന്റെ അഡ്മിഷന്റെ ഉച്ചക്ക് 12നും നടക്കും. പ്രോസ്പെക്ടസ് പ്രകാരമുള്ള ഫീസ് അഡ്മിഷൻ സമയത്ത് അടയ്ക്കണം.

# സ്കൂൾ കുട്ടികൾക്കായി ഹോമിയോ ഇമ്മ്യൂൺ ബൂസ്റ്റർ വിതരണം ചെയ്യും

തിരുവനന്തപുരം: കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ കുട്ടികൾക്കും കരുതലോടെ മുന്നോട്ട് പദ്ധതിയുടെ ഭാഗമായി ഹോമിയോ ഇമ്മ്യൂൺ ബൂസ്റ്റർ ലഭിക്കും. സർക്കാർ ഹോമിയോ ആശുപത്രികൾ, ഡിസ്പെൻസറികൾ, ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററുകൾ, ഗവ. ഹോമിയോ മെഡിക്കൽ കോളജ് ഐരാണിമുട്ടം, നേമം ശ്രീവിദ്യാധിരാജ് ഹോമിയോ കോളജ്, ഹോമിയോപ്പതി വകുപ്പ് അനുവദിച്ച കിയോസ്കുകൾ എന്നിവിടങ്ങളിൽ നാളെ മുതൽ 27 വരെ വെബ് പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യുന്നവർക്ക് ഇമ്മ്യൂൺ ബൂസ്റ്റർ ലഭിക്കുമെന്ന് ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 18005992011.

## അക്കേഷ്യമരങ്ങൾ ലേലം ചെയ്യുന്നു

നെടുമങ്ങാട്: മഞ്ച സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ വളപ്പിൽ നിൽക്കുന്ന 80 അക്കേഷ്യാമരങ്ങൾ 18ന് രാവിലെ 11 മണിക്ക് ലേലം ചെയ്യും. സീൽചെയ്ത ക്വട്ടേഷനുകളിലൂടെയും ലേലത്തിൽ പങ്കെടുക്കാം. ഫോൺ: 04722812686, 9400006460



# അഫ്ഗാനെ 66 റൺസിന് കീഴടക്കി; ഇന്ത്യക്ക് ആദ്യ ജയം

അബുദാബി: 2021ലെ ട്വൻറി20 ലോകകപ്പിലെ ആദ്യ ജയം സ്വന്തമാക്കി ഇന്ത്യ. സൂപ്പർ 12 ഗ്രൂപ്പ് രണ്ട് പോരാട്ടത്തിൽ അഫ്ഗാനിസ്ഥാനെ 66 റൺസിന് തോൽപ്പിച്ചു. ഇന്ത്യയുടെ ഉ!യർത്തിയ 211 റൺസ് പിന്തുടർന്ന അഫ്ഗാന് 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 144 റൺസ് എടുക്കാനേ സാധിച്ചുള്ളൂ.

22 പന്തിൽ നിന്ന് രണ്ടു സിക്സും മൂന്നു ഫോറുമായി 42 റൺസോടെ പുറത്താകാതെ നിന്ന കരീം ജന്നത്താണ് അഫ്ഗാൻറെ ടോപ് സ്കോറർ. ഇന്ത്യക്ക് വേണ്ടി മുഹമ്മദ് ഷമി മൂന്നും രവിചന്ദ്രൻ അശ്വിൻ രണ്ടും വിക്കറ്റ് വീഴ്ത്തി.

ഈ ജയത്തോടെ ഇന്ത്യ നേരിയ സെമി സാധ്യത നിലനിർത്തി. ഇന്ത്യയുടെ മുന്നോട്ടുള്ള സാധ്യത അഫ്ഗാനിസ്ഥാൻ, ന്യൂസിലൻഡ് ടീമുകളുടെ മത്സരഫലത്തെയും റൺറേറ്റിനെയും ആശ്രയിച്ചിരിക്കും.

കുറ്റൻ വിജയലക്ഷ്യം പിന്തുടർന്ന അഫ്ഗാൻ ഒരുഘട്ടത്തിൽ വിജയപ്രതീക്ഷ ഉ!യർത്തിയിരുന്നില്ല. അഫ്ഗാൻ നിരയിൽ ആറു പേർ രണ്ടക്കം കണ്ടെങ്കിലും വിജയലക്ഷ്യം മറികടക്കാൻ പോന്ന ഇന്നിംഗ്സ് ആരും കളിച്ചില്ല. മുഹമ്മദ് നബി (32 പന്തിൽ 35) ഭേദപ്പെട്ട പ്രകടനം പുറത്തെടുത്തു. ആറാം വിക്കറ്റിൽ ജന്നത്തിനൊപ്പം നബി 57 റൺസ് കൂട്ടിച്ചേർത്തു.

നേരത്തെ, ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റിംഗിനിറങ്ങിയ ഇന്ത്യ നിശ്ചിത 20 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 210 റൺസെടുത്തു. ഈ ലോകകപ്പിൽ ഇതുവരെ ഒരു ടീം നേടിയ ഉയർന്ന സ്കോറാണിത്.

ഓപ്പണിംഗ് വിക്കറ്റിൽ രോഹിത് ശർമയും കെ.എൽ. രാഹുലും തകർപ്പൻ തുടക്കമാണ് ഇന്ത്യക്ക് നൽകിയത്. അഫ്ഗാൻ ബൗളർമാരെ കാഴ്ചക്കാരാക്കി ഇന്ത്യൻ ഓപ്പണർമാർ നിറഞ്ഞാടിയതോടെ ഇന്ത്യ വമ്പൻ സ്കോറിലേക്ക് കുതിച്ചു. അർധ സെഞ്ചുറി നേടിയ ഇരുവരും ഓപ്പണിങ് വിക്കറ്റിൽ 14.4 ഓവറിൽ 140 റൺസ് ചേർത്ത ശേഷമാണ് പിരിഞ്ഞത്.

47 പന്തിൽ നിന്ന് മൂന്ന് സിക്സും എട്ടു ഫോറുമടക്കം 74 റൺസെടുത്ത രോഹിത്തിനെ പുറത്താക്കി കരീം ജന്നത്താണ് ഈ കൂട്ടുകെട്ട് പൊളിച്ചത്. 17ാം ഓവറിൽ ഗുലാബദിൻറെ പന്തിൽ രാഹുലും പുറത്തായി. 48 പന്തിൽ രണ്ട് സിക്സും ആറ് ഫോറും സഹിതം 69 റൺസാണ് രാഹുലിൻറെ സമ്പാദ്യം.

രണ്ടാം വിക്കറ്റിൽ ക്രീസിൽ ഒത്തുചേർന്ന ഋഷഭ് പന്തും ഹർദിക് പാണ്ഡ്യയും ആളിക്കത്തിയതോടെ ഇന്ത്യൻ സ്കോർ ഇരുനൂറ് കടന്നു. 13 പന്തിൽ 35 റൺസെടുത്ത പാണ്ഡ്യ ആയിരുന്നു കൂടുതൽ അപകടകാരി. ഋഷഭ് 13 പന്തുകൾ നേരിട്ട് മൂന്ന് സിക്സും ഒരു ഫോറുമടക്കം 27 റൺസെടുത്തു.

## ഇന്ത്യയ്ക്ക് ഇനി വൻമതിൽ സംരക്ഷണം; ദ്രാവിഡ് മുഖ്യപരിശീലകൻ

മുംബൈ: ഇന്ത്യൻ ക്രിക്കറ്റ് ടീമിൻറെ മുഖ്യപരിശീലകനായി രാഹുൽ ദ്രാവിഡിനെ ബിസിസിഐ നിയമിച്ചു. ബിസിസിഐ തന്നെയാണ് ഇക്കാര്യം അറിയിച്ചത്. ദ്രാവിഡ് തന്നെയാവും ഇന്ത്യയുടെ അടുത്ത പരിശീലകനെന്ന തരത്തിൽ നേരത്തെ ചില റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു.

ട്വൻറി20 ലോകകപ്പിനു ശേഷം നടക്കുന്ന ന്യൂസിലൻഡ് പര്യടനം മുതൽ ദ്രാവിഡ് പരിശീലക സ്ഥാനം ഏറ്റെടുക്കും. ലോകകപ്പിനു ശേഷം രണ്ട് ടെസ്റ്റും മൂന്ന് ട്വൻറി20യുമാണ് കിവീസിനെതിരെ ഇന്ത്യ കളിക്കുക. ഈ പരമ്പര മുതൽ 2023 ഏകദിന ലോകകപ്പ് വരെ ദ്രാവിഡ് ഇന്ത്യൻ ടീം പരിശീലകനായി തുടരും.

നേരത്തെ ശ്രീലങ്കൻ പര്യടനത്തിൽ ഇന്ത്യൻ ടീമിനെ രാഹുൽ ദ്രാവിഡ് പരിശീലിപ്പിച്ചിരുന്നു. ഇന്ത്യ എ, അണ്ടർ 19 ടീമുകളേയും ദ്രാവിഡ് പരിശീലിപ്പിച്ചിട്ടുണ്ട്. ഐപിഎൽ ടീമുകളുടെ ഉപദേശകനുമായിരുന്നു.

# വാതിൽപ്പടി സേവനം ഊർജ്ജിതപ്പെടുത്തുമെന്ന് മന്ത്രി എം.വി. ഗോവിന്ദൻ

തിരുവനന്തപുരം: വയോജനങ്ങൾക്കും മാരകരോഗങ്ങൾ ബാധിച്ചവർക്കും ഭിന്നശേഷി വിഭാഗത്തിലുള്ളവർക്കും വാതിൽപ്പടി സേവനം ഉറപ്പുവരുത്തുന്ന നടപടികൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുമെന്ന് മന്ത്രി എം.വി. ഗോവിന്ദൻ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, ജീവൻ രക്ഷാമരുന്നുകൾ, സാമൂഹ്യ സുരക്ഷാപെൻഷൻ അപേക്ഷ, ലൈഫ് സർട്ടിഫിക്കറ്റ്, മസ്റ്ററിംഗ് സേവനങ്ങൾ എന്നിവയാണ് ആദ്യപടിയായി വാതിൽപ്പടി സേവനമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്.

സംസ്ഥാനത്തെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലെ 38 ഗ്രാമ പഞ്ചായത്തുകളിലും 11 മുനിസിപ്പാലിറ്റികളിലും ഒരു കോർപ്പറേഷനിലുമാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

അമ്പത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നായി 35,209 ഗുണഭോക്താക്കളാണ് ഇതുവരെ വാതിൽപ്പടി സേവനത്തിനായി അർഹത നേടിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ 16417 പേരും നഗരസഭകളിൽ 18792പേരുമാണുള്ളത്. 32 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്തൃലിസ്റ്റ് അന്തിമമാക്കി കഴിഞ്ഞു.

14 തദ്ദേശ സ്ഥാപനങ്ങൾ എല്ലാ ഗുണഭോക്താക്കൾക്കും ഐഡിന്റിറ്റി കം മോണിറ്ററിംഗ് കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങളും ഉടനടി വിതരണം പൂർത്തിയാക്കുമെന്ന് മന്ത്രി പറഞ്ഞു.

50 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സന്നദ്ധപ്രവർത്തനം ചെയ്യാനായി സന്നദ്ധ പോർട്ടലിലൂടെ 3725 സന്നദ്ധ പ്രവർത്തകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 2370 പേർക്ക് പരിശീലനം നൽകിയെന്നും ബാക്കിയുള്ള സന്നദ്ധപ്രവർത്തകർക്ക് എത്രയും പെട്ടെന്ന് പരിശീലനം നൽകുമെന്നും മന്ത്രി പറഞ്ഞു.

സന്നദ്ധ പ്രവർത്തകരുടെ പോലീസ് വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി അവർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണെന്നും മന്ത്രി അറിയിച്ചു.

25 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫ്രണ്ട് ഓഫീസിലും വാർഡ് കേന്ദ്രങ്ങളിലും സന്നദ്ധ പ്രവർത്തകരുടെ പേരും ഫോൺ നമ്പറും ലഭ്യമാക്കിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമയബന്ധിതമായി പ്രസിദ്ധീകരണ നടപടികൾ പൂർത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. 20 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി സേവനങ്ങൾക്കായി സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചെന്നും 725 ഗുണഭോക്താക്കൾക്ക് ഇതിനോടകം സേവനങ്ങൾ ലഭ്യമാക്കിയെന്നും മന്ത്രി വ്യക്തമാക്കി.

# ഹിമാചലിലും ബംഗാളിലും ബിജെപിക്കു തിരിച്ചടി

ന്യൂഡൽഹി: മൂന്നു ലോക്സഭാ സീറ്റുകളിലേക്കും 13 സംസ്ഥാനങ്ങളിലെ 29 നിയമസഭാ സീറ്റുകളിലേക്കും നടന്ന ഉപതെരഞ്ഞെടുപ്പിൽ ബിജെപിക്കു തിരിച്ചടി. ഹിമാചൽപ്രദേശിൽ വൻ തിരിച്ചടി നേരിട്ട ബിജെപി ബംഗാളിലും ദയനീയമായി പരാജയപ്പെട്ടു. അതേസമയം, ആസാമിൽ നേട്ടം നിലനിർത്താൻ പാർട്ടിക്കായി. ഒരു ലോക്സഭാ സീറ്റ് നിലനിർത്തിയ ബിജെപിക്ക് ഒരെണ്ണം നഷ്ടമായി.

ഹിമാചൽപ്രദേശിലെ മണ്ഡി ലോക്സഭാ മണ്ഡലം ബിജെപിയിൽ നിന്നു കോൺഗ്രസ് പിടിച്ചെടുത്തു. മുൻ മുഖ്യമന്ത്രി വീർഭദ്ര സിംഗിൻറെ ഭാര്യ പ്രതിഭാ സിംഗാണു വിജയിച്ചത്. കാർഗിൽ യുദ്ധവീരൻ ബ്രിഗേഡിയർ കുശാൽ ഠാക്കൂറിനെ രംഗത്തിറക്കിയിട്ടും ബിജെപി പച്ചതൊട്ടില്ല.

ദാദ്ര നഗർ ഹവേലി ലോക്സഭാ മണ്ഡലം ശിവസേന പിടിച്ചെടുത്തു. അന്തരിച്ച എംപി മോഹൻ ദേൽക്കറിൻറെ ഭാര്യ കലാബെൻ ദേൽക്കർ ആണു വിജയിച്ചത്. മധ്യപ്രദേശിലെ ഖാണ്ഡ്വ മണ്ഡലം ബിജെപി നിലനിർത്തി. ജ്ഞാനേശ്വർ പാട്ടീൽ ആണു വിജയിച്ചത്.

ആസാമിലെ അഞ്ചു സീറ്റും ബിജെപിയും സഖ്യകക്ഷിയായ യുപിപിഎലും വിജയിച്ചു. കോൺഗ്രസ് എംഎൽഎമാർ രാജിവച്ച് ബിജെപിയിൽ ചേർന്നതിനെത്തുടർന്ന് ഉപതെരഞ്ഞെടുപ്പ് വേണ്ടിവന്ന മൂന്നു മണ്ഡലങ്ങളും ബിജെപിക്കൊപ്പം നിന്നു.

ബംഗാളിലെ നാലു മണ്ഡലങ്ങളും വൻ ഭൂരിപക്ഷത്തിൽ തൃണമൂൽ കോൺഗ്രസ് വിജയിച്ചു. ദിൻഹതയിൽ 1,64,089 വോട്ടിനാണു തൃണമൂൽ സ്ഥാനാർഥി ഉദയൻ ഗുഹ ബിജെപി സ്ഥാനാർഥിയെ തറപറ്റിച്ചത്. ഗോസാബയിൽ 1,43,000 വോട്ടാണു തൃണമൂലിൻറെ ഭൂരിപക്ഷം. ശാന്തിപുർ (ഭൂരിപക്ഷം 64675), ഖർദാഹ (ഭൂരിപക്ഷം 93,000) വൻ മാർജിനിൽ തൃണമൂൽ സ്ഥാനാർഥികൾ വിജയക്കൊടി നാട്ടി.

ഗൊസാബയിൽ തൃണമൂൽ സ്ഥാനാർഥി സുബ്രത മണ്ഡൽ 87 ശതമാനം വോട്ട് നേടി. ഖർദാഹ, ശാന്തിപുർ മണ്ഡലങ്ങളിൽ സിപിഎം ഭേദപ്പെട്ട പ്രകടനം കാഴ്ചവച്ചു. നാലിൽ മൂന്നു മണ്ഡലങ്ങളിലും ബിജെപിക്കു കെട്ടിവച്ച പണം നഷ്ടമായി. കോൺഗ്രസിന് ഒരിടത്തും സ്ഥാനാർഥികളില്ലായിരുന്നു.

ഹിമാചൽപ്രദേശിൽ ഉപതെരഞ്ഞെടുപ്പു നടന്ന ജുബ്ബൽകോട്ഖായി, ആർകി, ഫത്തേപ്പുർ മണ്ഡലങ്ങളിൽ കോൺഗ്രസ് വിജയിച്ചു. ഇതിൽ ജുബ്ബൽകോട്ഖായി ബിജെപിയുടെ കൈവശമുണ്ടായിരുന്ന സീറ്റായിരുന്നു.

## വിദ്യാർത്ഥികളെ അനുമോദിച്ചു

തിരുവനന്തപുരം: കളക്ടറേറ്റ് സ്റ്റാഫ് റിക്രിയേഷൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ എസ്എസ്എൽസി, പ്ലസ്ടു, ഡിഗ്രി പരീക്ഷകളിൽ ഉന്നതവിജയം നേടിയ റവന്യൂ വകുപ്പ് ജീവനക്കാരുടെ മക്കളെ ജില്ലാ കളക്ടർ ഡോ. നവജ്യോത് ഖോസ ആദരിച്ചു. കെഎഎസ് പരീക്ഷയിൽ റാങ്ക് നേടിയ സിവിൽ സ്റ്റേഷൻ ജീവനക്കാരായ ധന്യ എം ആർ, സന്ധ്യ എച്ച് ആർ എന്നിവർക്ക് സബ് കളക്ടർ എം എസ് മാധവിക്കുട്ടി ഉപഹാരം നൽകി. റിക്രിയേഷൻ ക്ലബ് സംഘടിപ്പിച്ച വിവിധ കലാമത്സരങ്ങളിൽ വിജയിച്ച ജീവനക്കാർക്കുള്ള സമ്മാനദാനം എഡിഎം മുഹമ്മദ് സഫീർ നിർവഹിച്ചു. പരിപാടിയിൽ ഡെപ്യൂട്ടി കളക്ടർമാർ, അസിസ്റ്റന്റ് കളക്ടർമാർ, സിവിൽ സ്റ്റേഷൻ ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# ഇന്ത്യയുടെ കാർബൺ പുറന്തള്ളൽ 2070ൽ പൂജ്യത്തിലെത്തിക്കും: മോദി

ഗ്ലാസ്ഗോ: ആഗോളതാപന വർധനയ്ക്കു കാരണമായ കാർബൺ വാതകങ്ങളുടെ പുറന്തള്ളൽ 2070ൽ ഇന്ത്യ പൂജ്യത്തിലെത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചു. ഗ്ലാസ്ഗോയിൽ നടക്കുന്ന അന്താരാഷ്ട്ര കാലാവസ്ഥാ ഉച്ചകോടി(സിഒപി26)യിൽ രാഷ്ട്രത്തലവന്മാരുടെ ഉന്നതതല യോഗത്തെ അംഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

കാലാവസ്ഥാ വ്യതിയാനം നിയന്ത്രണവിധേയമാക്കാനായി ഇതടക്കം അഞ്ചിന പദ്ധതികളാണ് ഇന്ത്യ ലോകത്തിനുമുന്നിൽ അവതരിപ്പിച്ചത്. ഫോസിൽ ഇതര പദ്ധതികളിൽനിന്നുള്ള ഊർജോത്പാദനം 2030ഓടെ 450 ജിഗാ വാട്ടിൽനിന്ന് 500 ജിഗാവാട്ടായി ഉയർത്തൽ, ഇന്ത്യക്കുവേണ്ട ഊർജത്തിൻറെ 50 ശതമാനവും 2030ഓടെ പുനരുപയോഗ ഉറവിട പദ്ധതികളിൽനിന്നാക്കൽ, 2030ഓടെ കാർബൺ പുറന്തള്ളലിൽ 100 കോടി ടണ്ണിൻറെ കുറവുവരുത്തൽ, സാന്പത്തിക മേഖലയുടെ കാർബൺ സന്ദ്രത 45 ശതമാനമായി കുറയ്ക്കുക എന്നിവയാണു മോദി പ്രഖ്യാപിച്ച മറ്റു പദ്ധതികൾ.

പാരീസ് ഉടന്പടിയുടെ അന്തഃസത്ത ഉൾക്കൊണ്ട് കാലാവസ്ഥാ വ്യതിയാന നിയന്ത്രണത്തിനായി ഇത്രയും ശക്തമായ നടപടികൾ പ്രഖ്യാപിക്കുന്ന പ്രമുഖ സാന്പത്തികശക്തി ഇന്ത്യ മാത്രമാണെന്നു മോദി ചൂണ്ടിക്കാട്ടി. ഇന്ത്യയുടെ നയങ്ങളിൽ കാലാവസ്ഥാവ്യതിയാനത്തിനു കേന്ദ്രസ്ഥാനമാണുള്ളത്.

കാലാവസ്ഥാ വ്യതിയാനത്തിനെതിരേ ഇന്ത്യ അക്ഷീണം പോരാടുകയാണ്. അതിനു ഫലം കാണും.

ഭാവി തലമുറയെ ബോധവത്കരിക്കാനായി കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് വിദ്യാലയങ്ങളിൽ പഠിപ്പിക്കണം. ജീവിതശൈലിക്കു കാലാവസ്ഥയുമായി അഭേദ്യമായ ബന്ധമുണ്ട്. 'ജീവിതശൈലി പരിസ്ഥിതിക്കുവേണ്ടി' എന്ന ജനകീയമുന്നേറ്റം ആഗോളതലത്തിൽ ഉണ്ടാകണമെന്നു മോദി കൂട്ടിച്ചേർത്തു.

## പള്ളിയിൽ അഫ്ഗാൻ അഭയാർഥിയുടെ അതിക്രമം

ബർലിൻ: ജർമനിയിലെ തുരിഞ്ജിയ സംസ്ഥാനത്തെ നോർദ്ഹൗസൻ പട്ടണത്തിലുള്ള സെൻറ് മേരീസ് പ്രൊട്ടസ്റ്റൻറ് പള്ളിയിൽ അഫ്ഗാനിസ്ഥാനിൽനിന്നുള്ള ഒരു അഭയാർഥി അതിക്രമിച്ചു കയറി തിരുസ്വരൂപങ്ങളും ദേവാലയ ഉപകരണങ്ങളും നശിപ്പിച്ചു.

പള്ളിയിൽ സ്ഥാപിച്ചിരുന്ന ക്രൂശിതരൂപം അക്രമി വലിച്ചു താഴെയിടുകയും ബെഞ്ചുകളും ജനാലകളും തകർക്കുകയും ചെയ്തു. ശബ്ദംകേട്ട് പള്ളിയിലെത്തിയ വിശ്വാസികളും വികാരിയും കൂടി അക്രമിയെ പോലീസിൽ ഏൽപ്പിച്ചു.

ക്രൈസ്തവവിശ്വാസം തെറ്റായതുകൊണ്ടാണ് താനിതു ചെയ്തതെന്നാണ് ഇസ്ലാം മതവിശ്വാസിയായ 25 കാരൻ പറഞ്ഞത്. ആറു വർഷം മുന്പാണ് ഇയാൾ അഭയംതേടി ജർമനിയിൽ എത്തിയത്. എട്ടു നൂറ്റാണ്ടിലേറെ പഴക്കമുള്ളതാണ് നോർദ്ഹൗസനിലെ സെൻറ് മേരീസ് പള്ളി.

അക്രമി തകർത്ത ക്രൂശിതരൂപം നൂറ്റാണ്ടുകൾ പഴക്കമുള്ളതും ഏറെ കലാമൂല്യം കല്പിക്കപ്പെടുന്നതുമായ ഒരു ദാരുശില്പമാണ്. മതസൗഹാർദത്തിനുവേണ്ടി ഇടപെടുന്ന സെൻറ് മേരീസ് പള്ളിയുടെ വികാരി ഫാ. ക്ലെമൻസ് മുള്ളറിൻറെ വാക്കുകളിൽ, അക്രമി ക്രിസ്തുമതത്തോട് യാതൊരു സഹിഷ്ണതയും ഉള്ളയാളല്ല.

# ഡെയ്മൻ ഗാൽഗട്ടിന് ബുക്കർ പുരസ്കാരം



ലണ്ടൻ: ദക്ഷിണാഫ്രിക്കൻ സാഹിത്യകാരനും നാടകകൃത്തുമായ ഡെയ്മൻ ഗാൽഗട്ടിന് ബുക്കർ പുരസ്കാരം. അദ്ദേഹത്തിൻറെ 'ദ് പ്രോമിസ്' എന്ന നോവലാണ് പുരസ്കാരത്തിന് അർഹമായത്. മുൻപ് രണ്ട് തവണ ഗാൽഗട്ട് ബുക്കർ പുരസ്കാരത്തിനുള്ള ചുരുക്കപ്പട്ടികയിൽ ഇടംപിടിച്ചിരുന്നു.

ദക്ഷിണാഫ്രിക്കയിൽ നിന്ന് ബുക്കർ പുരസ്കാരം നേടുന്ന മൂന്നാമത്തെ വ്യക്തി കൂടിയാണ് അദ്ദേഹം. പ്രിട്ടോറിയയിലെ ഒരു ബ്രിട്ടിഷ് കുടുംബത്തോടൊപ്പം കഴിയുന്ന ആഫ്രിക്കൻ വംശജയായ ജോലിക്കാരിയുടെ ജീവിതമാണ് നോവലിൻറെ പ്രമേയം. ജീവിതത്തിൻറെ പ്രതീക്ഷകളുടെയും വഞ്ചനയുടെയും അധ്യായങ്ങളാണ് നോവൽ പറയുന്നത്. വർണവിവേചന കാലഘട്ടത്തിൻറെ അവസാനം മുതൽ ജേക്കബ് സുമയുടെ ഭരണകാലം വരെയാണ് നോവലിൻറെ കാല സഞ്ചാരം.

17 ാം വയസ് മുതലാണ് ഗാൽഗട്ട് എഴുതിത്തുടങ്ങിയത്. ആറുവയസുള്ളപ്പോൾ, ഗാൽഗട്ടിന് അർബുദരോഗം കണ്ടെത്തി. തൻറെ ജീവിതത്തിലെ കേന്ദ്ര, ദുരന്ത സംഭവം എന്നാണ് അദ്ദേഹം അതിനെ വിശേഷിപ്പിച്ചത്. കുട്ടിക്കാലം മുഴുവൻ ആശുപത്രിയിൽ ചെലവഴിച്ചു. ആശുപത്രി കിടക്കയിൽ കിടന്നാണ് കഥപറച്ചിലിനോടുള്ള അദ്ദേഹം കൂട്ടുകൂടിയത്. തൻറെ 17 ാം വയസിൽ ഗാൽഗട്ട് ആദ്യ നോവൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

## വിമുക്തഭടന്മാരായ ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കാം

തിരുവനന്തപുരം: വിവിധ കാരണങ്ങളാൽ തൊഴിൽ രജിസ്ട്രേഷൻ പുതുക്കാൻ സാധിക്കാത്ത വിമുക്തഭടന്മാരായ ഉദ്യോഗാർത്ഥികൾക്ക് സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് നവംബർ 30 വരെ രജിസ്ട്രേഷൻ പുതുക്കാം. 2000 ജനുവരി ഒന്ന് മുതൽ 2021 ഓഗസ്റ്റ് 31വരെയുള്ള കാലയളവിൽ രജിസ്ട്രേഷൻ പുതുക്കാത്തവർക്കും രജിസ്ട്രേഷൻ ഐഡന്റിറ്റി കാർഡിൽ പുതുക്കേണ്ട മാസം 1999 ഒക്ടോബർ മുതൽ 2021 ജൂൺ വരെ രേഖപ്പെടുത്തിയിട്ടുള്ളവർക്കുമാണ് അവസരം ലഭിക്കുന്നത്. സീനിയോറിറ്റി പുതുക്കുന്നതിനുള്ള അപേക്ഷയും എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പും ഈ മാസം 31ന് മുൻപായി ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ സമർപ്പിക്കണം. വിമുക്ത ഭടന്മാർക്ക് നേരിട്ടോ കത്ത് മുഖേനയോ രജിസ്ട്രേഷൻ പുതുക്കാവുന്നതാണെന്ന് ജില്ലാ സൈനിക ഓഫീസർ അറിയിച്ചു.

## നേപ്പാളിൽനിന്നുള്ള അധിക വൈദ്യുതി ഇന്ത്യക്കു നല്കും

കാഠ്മണ്ഡു: രാജ്യത്ത് അധികമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഇന്ത്യക്കു നല്കുമെന്നു നേപ്പാൾ.

ആഭ്യന്തര ഊർജവിപണി ഇതാദ്യമായാണ് ഒരു അയൽരാജ്യത്തിനായി തുറന്നുകൊടുക്കുന്നത്. തിങ്കളാഴ്ച ഇതു സംബന്ധിച്ച് ഊർജമന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

ത്രിശൂലി ഹൈഡ്രോപവർ ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി ഉത്പാദിപ്പിക്കുന്ന 24 മെഗാവാട്ട് വൈദ്യുതിയും ദേവീഘട്ട് പവർ ഹൗസിൽനിന്നുള്ള 15 മെഗാവാട്ട് വൈദ്യുതിയും ഉൾപ്പെടെ 39 മെഗാവാട്ട് വൈദ്യുതിയാണ് നേപ്പാൾ ഇലക്ട്രിസിറ്റി അഥോറിറ്റി(എൻഇഎ) ആദ്യഘട്ടം നല്കുക.

ഇന്ത്യയുടെ സഹായത്തോടെയാണ് ഈ പദ്ധതികൾ നേപ്പാൾ പൂർത്തിയാക്കിയത്.

# ഗ്ലാസ്ഗോ ഉച്ചകോടി: വിട്ടുനിന്ന ഷിയെ വിമർശിച്ച് ബൈഡൻ

ഗ്ലാസ്ഗോ: കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചു ചർച്ച ചെയ്യാൻ ലോകരാജ്യങ്ങൾ ഒന്നിച്ചുകൂടുന്പോൾ വിട്ടുനിൽക്കുന്ന ചൈനീസ് പ്രസിഡൻറ് ഷി ചിൻപിംഗിനെ നിശിതമായി വിമർശിച്ച് യുഎസ് പ്രസിഡൻറ് ജോ ബൈഡൻ.

കാർബൺവാതകങ്ങളുടെ പുറന്തള്ളൽ നിയന്ത്രിക്കുന്നതിന് ലോകരാജ്യങ്ങൾ പ്രതിജ്ഞാബദ്ധത പുലർത്തുന്പോൾ ചൈന നിസ്സഹരിക്കുകയാണെന്ന് ചൊവ്വാഴ്ച ഗ്ലാസ്ഗോയിൽനിന്നു മടങ്ങുന്നതിനു മുന്പായി ബൈഡൻ പറഞ്ഞു. വളഞ്ഞവഴി സ്വീകരിച്ച ചൈന വലിയ അബദ്ധമാണു കാണിച്ചിരിക്കുന്നത്. ലോകജനതയെ സ്വാധീനിക്കാനുള്ള അവസരം ചൈന കളഞ്ഞു.

ഗ്ലാസ്ഗോ ഉച്ചകോടിക്കു മുന്പായി റോമിൽ നടന്ന ജി20 ഉച്ചകോടിയിലും ചിൻപിംഗ് നേരിട്ടു പങ്കെടുത്തിരുന്നില്ല. ബൈഡനാണ് ചർച്ചകളിൽ മേധാവിത്വം പുലർത്തിയത്. ചൈനയുമായി സംഘർഷമല്ല, മത്സരമാണ് താൻ അഗ്രഹിക്കുന്നതെന്ന് ജോ ബൈഡൻ പറഞ്ഞു. ചിൻപിംഗുമായി നിശ്ചയി ച്ചിരിക്കുന്ന വെർച്വൽ കൂടിക്കാഴ്ചയിൽ തെറ്റിദ്ധാരണകളില്ലെന്ന് ഉറപ്പാക്കാനും താൻ ആഗ്രഹിക്കുന്നതായി അദ്ദേഹം കൂട്ടിച്ചേർത്തു.

# പെട്രോൾ, ഡീസൽ വാറ്റ് കുറച്ച് സംസ്ഥാനങ്ങൾ

ന്യൂഡൽഹി: കേന്ദ്ര സർക്കാർ പെട്രോളിൻറെയും ഡീസലിൻറെയും എക്സൈസ് നികുതി കുറച്ചതിനു പിന്നാലെ വാറ്റ് നികുതി കുറച്ച് ബിജെപി സംസ്ഥാനങ്ങൾ. ആസാം, ത്രിപുര, കർണാടക, മണിപ്പൂർ, ഉത്തരാഖണ്ഡ്, ഗുജറാത്ത്, ഹിമാചൽ പ്രദേശ്, ഉത്തർ പ്രദേശ്, ഗോവ എന്നീ സംസ്ഥാനങ്ങളാണ് വാറ്റ് കുറച്ചത്.

ഇതോടെ ഈ സംസ്ഥാനങ്ങളിൽ ജനങ്ങൾക്ക് ഇന്ധന വിലയിൽ അധിക ആശ്വാസം ലഭിച്ചിരിക്കുകയാണ്. ആസാം, ത്രിപുര, കർണാടക, മണിപ്പൂർ, ഗോവ എന്നിവിടങ്ങളിൽ പെട്രോളിനും ഡീസലിനും ഏഴു രൂപ വാറ്റ് കുറച്ചു. ഇതോടെ രണ്ട് ഇന്ധനത്തിനും ഏഴു രൂപകൂടി കുറയും. ഉത്തരാഖണ്ഡിൽ പെട്രോളിൻറെ വാറ്റ് നികുതിയിൽ രണ്ട് രൂപ കുറച്ചു.

പെട്രോളിൻറെയും ഡീസലിൻറെയും വാറ്റ് നികുതി ഉടൻ കുറ!യ്ക്കുമെന്ന് ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി ജെയ്റാം താക്കൂർ പറഞ്ഞു. ത്രിപുരയിൽ പെട്രോളിൻറെയും ഡീസലിൻറെയും വാറ്റ് ഏഴു രൂപ കുറയ്ക്കുമെന്നാണ് മുഖ്യമന്ത്രി ബിപ്ലവ് ദേവിൻറെ പ്രഖ്യാപനം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.